# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടത്തറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്യൂ.വൈ.ഡി-പി4-977/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 16/12/2021
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടത്തറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-9 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യ.വൈ.ഡി-പി4-977/21 തീയ്യതി: 16/12/2021

## വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 30-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി.പി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 08-11-2021 | 20-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-11-2021 | 20-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1) ശ്രീ.ലീല കൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
2) ശ്രീ.നവാസ്.കെ.എം, അസി.ഓഡിറ്റ് ഓഫീസർ (08.11.2021 മുതൽ 16.11.2021 വരെ അവധി)
3) ശ്രീ.ഡേവിസ്.കെ.വി, അസി.ഓഡിറ്റ് ഓഫീസർ
4) ശ്രീ.അലി അക്ബർ.കെ, അസി.ഓഡിറ്റ് ഓഫീസർ (10.11.2021 മുതൽ 17.11.2021 വരെ അവധി)
5) ശ്രീമതി. റ്റിജി വർഗ്ഗീസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ലീലാമ്മ ജോസഫ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ശ്രീജിത്ത് കരിങ്ങാളി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശ്രീജിത്ത് കരിങ്ങാളി | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.കെ.എ).മിനി | അസി. സെക്രട്ടറി | 01-04-2019 | 15-07-2019 |
| ശ്രീ.മനോജ്.വി.എ | അസി. സെക്രട്ടറി | 05-08-2019 | 31-03-2020 |
| ഡോ.ഫിജി പീറ്റർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2019 | 31-03-2020 |
| ഡോ.ജെറാൾഡ് ജയകുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.മുഹമ്മദ് ഷഫീക്ക് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ.ചിത്ര ചന്ദ്രശേഖരൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.കെ.ശാന്തമ്മ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.തങ്കച്ചൻ | അസി. എഞ്ചിനീയർ | 01-04-2019 | 31-05-2019 |
| ശ്രീമതി.മഞ്ജുഷ.ഡി | അസി. എഞ്ചിനീയർ | 01-06-2019 | 31-03-2020 |
| ശ്രീ.സുപ്രൻ | ഹെഡ് മാസ്റ്റർ | 01-04-2019 | 02-06-2019 |
| ശ്രീമതി.ശോഭന.കെ | ഹെഡ് മാസ്റ്റർ | 03-06-2019 | 31-03-2020 |
| ശ്രീ.പവനൻ.എം.സി | വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| ശ്രീമതി.ലക്ഷ്മി.വി | കൃഷി ഓഫിസർ | 01-04-2019 | 03-12-2019 |
| ശ്രീമതി.ഷെറിൻ മാത്യൂസ് | കൃഷി ഓഫിസർ | 04-12-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ali Akbar. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni P.K (Deputy Director, On 10-12-2021) | 1-1 |
| 2 | ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 06-12-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-1-1 |
| 3 | ബഡ്ജറ്റ് പൂർണ്ണമല്ല<br>Written By: Ali Akbar. K (Asst. Audit Officer, On 06-12-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-1-2 |
| 4 | ബഡ്ജറ്റ് വാസ്തവികമല്ല<br>Written By: Ali Akbar. K (Asst. Audit Officer, On 06-12-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-1-3 |
| 5 | വാർഷികധനകാര്യപത്രിക<br>Written By: Ali Akbar. K (Asst. Audit Officer, On 06-12-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-2 |
| 6 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Ali Akbar. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: Ali Akbar. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni P.K (Deputy Director, On 16-12-2021) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Ali Akbar. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ali Akbar. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Ali Akbar. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-7 |
| 11 | ക്യാഷ് പരിശോധന<br>Written By: Ali Akbar. K (Asst. Audit Officer, On 06-12-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: Ali Akbar. K (Asst. Audit Officer, On 06-12-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ali Akbar. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-10 |
| 14 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Tiji Varghese (Auditor, On 30-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-11 |
| 15 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.<br>Written By: Tiji Varghese (Auditor, On 30-11-2021)<br>Last Updated By: Unni P.K (Deputy Director, On 10-12-2021) | 1-11-1 |
| 16 | പാർട്ട് ബിൽ നല്കിയ മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചപ്പോൾ അതാത് ആസ്തി ശീർഷകത്തിലേക്ക് മാറ്റിയില്ല.<br>Written By: Tiji Varghese (Auditor, On 30-11-2021)<br>Last Updated By: Unni P.K (Deputy Director, On 10-12-2021) | 1-11-2 |

| | | |
|---|---|---|
| 17 | ക്യൂ ബില്ലായ ഈ തുകകൾ ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Tiji Varghese (Auditor, On 30-11-2021)<br>Last Updated By: Unni P.K (Deputy Director, On 10-12-2021) | 1-11-3 |
| 18 | വിവിധ തനത് വരുമാനങ്ങളുടെ രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.<br>Written By: Tiji Varghese (Auditor, On 30-11-2021)<br>Last Updated By: Unni P.K (Deputy Director, On 10-12-2021) | 1-11-4 |
| 19 | ബജറ്റ് എസ്റ്റിമേറ്റിൽ വകയിരുത്താത്ത ഇനങ്ങൾക്ക് ചെലവ് നടത്തി<br>Written By: Tiji Varghese (Auditor, On 30-11-2021)<br>Last Updated By: Unni P.K (Deputy Director, On 10-12-2021) | 1-11-5 |
| 20 | ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.<br>Written By: Tiji Varghese (Auditor, On 30-11-2021)<br>Last Updated By: Unni P.K (Deputy Director, On 10-12-2021) | 1-11-6 |
| 21 | ട്രയൽബാലൻസ് ക്ലോസിംഗ് ബാലൻസ് തുക കാണിക്കുന്നില്ല<br>Written By: Tiji Varghese (Auditor, On 30-11-2021)<br>Last Updated By: Unni P.K (Deputy Director, On 10-12-2021) | 1-11-7 |
| 22 | ദൈനംദിനം രസീത് റദ്ദാക്കൽ പത്രിക പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.<br>Written By: Tiji Varghese (Auditor, On 30-11-2021)<br>Last Updated By: Unni P.K (Deputy Director, On 10-12-2021) | 1-11-8 |
| 23 | ട്രയൽ ബാലൻസിലെ നീക്കിയിരിപ്പ് തുകകൾ ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല-<br>Written By: Tiji Varghese (Auditor, On 30-11-2021)<br>Last Updated By: Unni P.K (Deputy Director, On 10-12-2021) | 1-11-9 |
| 24 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല-<br>Written By: Tiji Varghese (Auditor, On 30-11-2021)<br>Last Updated By: Leelakrishnan.N.M (Audit Officer, On 13-12-2021) | 1-11-10 |
| 25 | മുൻകൂർ നല്കിയ തുക സമയബന്ധിതമായി ക്രമീകരിക്കാൻ നടപടിയില്ല-<br>Written By: Tiji Varghese (Auditor, On 30-11-2021)<br>Last Updated By: Leelakrishnan.N.M (Audit Officer, On 13-12-2021) | 1-11-11 |
| 26 | വാർഷിക ധനകാര്യപത്രികയിലെ പൊതുവായ അപാകതകൾ<br>Written By: Tiji Varghese (Auditor, On 30-11-2021)<br>Last Updated By: Prasanth C V (Audit Officer, On 13-12-2021) | 1-11-12 |
| 27 | സാംഖ്യ രസീതി കൗണ്ടർഫോയിൽ സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Tiji Varghese (Auditor, On 30-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-12 |
| 28 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതിലുള്ള അപാകത-പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: Tiji Varghese (Auditor, On 26-11-2021)<br>Last Updated By: Unni P.K (Deputy Director, On 15-12-2021) | 1-13 |
| 29 | വിവിധ പദ്ധതികളുടെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത രസീതി ബുക്ക് കൃഷി ഓഫീസർ പരിശോധനയ്ക്ക് ഹാജരാക്കാക്കിയിട്ടില്ല<br>Written By: Tiji Varghese (Auditor, On 29-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-14 |

| | | |
|---|---|---|
| 30 | സ്വയം തൊഴിൽ സംരംഭ ധനസഹായ പദ്ധതിയിലൂടെ ധനസഹായം കൈപ്പറ്റിയ വനിതാ ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നില്ല.<br>Written By: Tiji Varghese (Auditor, On 26-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-15 |
| 31 | വിമുക്ത ഭടന്മാരുടെ വാസഗൃഹങ്ങൾക്ക് സർക്കാർ ഉത്തരവ് പാലിക്കാതെ വസ്തുനികുതി ഇളവ് നൽകി<br>Written By: Tiji Varghese (Auditor, On 29-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-16 |
| 32 | എഫ് ടി ഇ & ഒ എ ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: Tiji Varghese (Auditor, On 29-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-17 |
| 33 | വ്യാപാരികളിൽ നിന്ന് മൂലധന നിക്ഷേപക്കണക്ക് ലഭ്യമാക്കാതെയാണ് ലൈസൻസ് ഫീസ് കണക്കാക്കിയത്:-<br>Written By: Tiji Varghese (Auditor, On 29-11-2021)<br>Last Updated By: Tiji Varghese (Auditor, On 29-11-2021) | 1-17(1) |
| 34 | അപേക്ഷാ ഫോറത്തിൽ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും ലഭ്യമാക്കാതെയുള്ള അപേക്ഷകൾ പഞ്ചായത്തിൽ സ്വീകരിക്കുന്നു:-<br>Written By: Tiji Varghese (Auditor, On 29-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-17(2) |
| 35 | പഞ്ചായത്ത് പ്രദേശത്ത് ലൈസൻസില്ലാതെ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു:-<br>Written By: Tiji Varghese (Auditor, On 29-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-17(3) |
| 36 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമായി സൂക്ഷിക്കുന്നില്ല:-<br>Written By: Tiji Varghese (Auditor, On 29-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-17(4) |
| 37 | ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പൊതുവിതരണ കേന്ദ്രങ്ങൾ ലൈസൻസ് കൂടാതെയാണ് പ്രവർത്തിക്കുന്നത്:-<br>Written By: Tiji Varghese (Auditor, On 29-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-17(5) |
| 38 | രേഖകളുടെ അഭാവത്തിൽ ലൈസൻസ് നിരസിച്ച സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നില്ല<br>Written By: Tiji Varghese (Auditor, On 29-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-17(6) |
| 39 | ലൈസൻസ് ഫീസ് ഈടാക്കിയത് ചട്ടപ്രകാരമല്ല<br>Written By: Tiji Varghese (Auditor, On 29-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-17(7) |
| 40 | തൊഴിൽ നികുതി പരിശോധന-അപാകതകൾ<br>Written By: Tiji Varghese (Auditor, On 29-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-18 |
| 41 | ഗ്രാമപഞ്ചായത്തിന്റെ പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Tiji Varghese (Auditor, On 30-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-18(1) |
| 42 | ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ | 1-18(2) |

| | | |
|---|---|---|
| | നികുതി ഈടാക്കുന്നില്ല<br>Written By: Tiji Varghese (Auditor, On 30-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | |
| 43 | ഡോക്ടർമാർ, അഭിഭാഷകർ, പാരാമെഡിക്കൽ ജീവനക്കാർ, കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.<br>Written By: Tiji Varghese (Auditor, On 30-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-18(3) |
| 44 | പൂർത്തീകരണ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള വിസ്തീർണ്ണത്തിലും കുറവ് വിസ്തീർണ്ണത്തിന് വസ്തു നികുതി ഈടാക്കുന്നു<br>Written By: Tiji Varghese (Auditor, On 26-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-19 |
| 45 | ഐ.സി.ഡി.എസ് സൂപ്പർവൈസർ ക്വട്ടേഷൻ കൂടാതെ വാഹനം വാടകയ്ക്കെടുത്തു-ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Tiji Varghese (Auditor, On 26-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-20 |
| 46 | സമഗ്ര പുരയിട കൃഷി വികസനം -രേഖകൾ ഹാജരാക്കിയിട്ടില്ല-തടസ്സം 700000/- രൂപ<br>Written By: Ali Akbar. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-21 |
| 47 | പട്ടിക വർഗ്ഗ വനിതകൾക്ക് വാദ്യോപകരണങ്ങൾ നല്കൽ-ലക്ഷ്യം പൂർത്തിയാക്കിയിട്ടില്ല,<br>Written By: Ali Akbar. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-22 |
| 48 | പട്ടിക വർഗ്ഗ വയോജനങ്ങൾക്ക് ശയ്യോപകരണങ്ങൾ വാങ്ങൽ-സബ്സിഡി മാർഗ്ഗരേഖ പാലിക്കുന്നില്ല-251940/- രൂപ തടസ്സം ചെയ്യുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-23 |
| 49 | സുരക്ഷിത നിക്ഷേപം ഇനത്തിൽ കരാറുകാരിൽ നിന്നും ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റ്/'ചെക്ക് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 23-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-24 |
| 50 | എസ്റ്റിമേറ്റ് റിവിഷൻ - മുൻകൂട്ടി സാങ്കേതിക അനുമതി വാങ്ങിയിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 23-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-25 |
| 51 | അളവ് പുസ്തകത്തിൽ പൂർത്തിയായതായി സാക്ഷ്യപ്പെടുത്തിയ മരാമത്ത് പണിയിൽ വീണ്ടും പ്രവൃത്തികൾ നടത്തി തുക അനുവദിച്ചു.<br>Written By: David K.V (Asst. Audit Officer, On 23-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-26 |
| 52 | സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ പദ്ധതി നിർവ്വഹണത്തിനായി ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു.<br>Written By: David K.V (Asst. Audit Officer, On 23-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-27 |
| 53 | പി.എ.സി. -യിൽ പരിമിതപ്പെടുത്താതെ മരാമത്ത് പ്രവൃത്തികൾക്ക് തുക നൽകി. | 1-28 |

| | | |
|---|---|---|
| | Written By: David K.V (Asst. Audit Officer, On 23-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | |
| 54 | അംഗീകാരം ലഭിച്ച പ്രോജക്ടിൽ ഉൾപ്പെടാത്ത ചെലവ് ₹65112/- നിരാകരിക്കുന്നു.<br>Written By: David K.V (Asst. Audit Officer, On 23-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-29 |
| 55 | ഗ്രാമപഞ്ചായത്ത് ലൈബ്രറിക്ക് ഫർണിച്ചർ വാങ്ങൽ - ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 23-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-30 |
| 56 | യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകർക്കെതിരെ നടപടി സ്വീകരികരിച്ചിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 23-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-31 |
| 57 | ലൈഫ് പദ്ധതി ഫേസ് 2– 3വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: K.M.Navaz (Asst. Audit Officer, On 06-12-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-32 |
| 58 | പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ അംഗീകാരം ഇല്ലാതെ പർച്ചേസ് നടത്തി<br>Written By: K.M.Navaz (Asst. Audit Officer, On 07-12-2021)<br>Last Updated By: K.M.Navaz (Asst. Audit Officer, On 07-12-2021) | 1-33 |
| 59 | പഞ്ചായത്ത് ഓഫീസിലേക്ക് ഫോട്ടോകോപ്പിയർ,കമ്പ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾവാങ്ങൽ(പ്രേ.നം238/19-20)- സ്പെസിഫിക്കേഷൻ നിശ്ചയിക്കാത്തത്<br>Written By: Leelakrishnan.N.M (Audit Officer, On 07-12-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-34 |
| 60 | കമ്പ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾക്ക് എ്.എം.സി കാലയളവ്(പ്രോ.നം.എസ്.ഒ 210/19-20) നിശ്ചയിച്ചിട്ടില്ല.<br>Written By: Leelakrishnan.N.M (Audit Officer, On 07-12-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-35 |
| 61 | വക്കീൽ ഫീസ് -സർക്കാർ ഉത്തരവിൽ പറഞ്ഞതിൽഅധികം തുക നല്കി<br>Written By: Leelakrishnan.N.M (Audit Officer, On 07-12-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | അംഗീകാരം ലഭിച്ച പ്രോജക്ടിൽ ഉൾപ്പെടാത്ത ചെലവ് ₹65112/- നിരാകരിക്കുന്നു.<br>Written By: David K.V (Asst. Audit Officer, On 23-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 3-1 |
| 2 | സ്വയം തൊഴിൽ സംരംഭ ധനസഹായ പദ്ധതിയിലൂടെ ധനസഹായം കൈപ്പറ്റിയ വനിതാ ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നില്ല.<br>Written By: Tiji Varghese (Auditor, On 30-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 3-2 |
| 3 | വക്കീൽ ഫീസ് -സർക്കാർ ഉത്തരവിൽ പറഞ്ഞതിൽഅധികം തുക നല്കി<br>Written By: Leelakrishnan.N.M (Audit Officer, On 07-12-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 3-3 |

| ഭാഗം 4 | | |
|---|---|---|
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ali Akbar. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Ali Akbar. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Ali Akbar. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Ali Akbar. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Ali Akbar. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Ali Akbar. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni P.K (Deputy Director, On 10-12-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Ali Akbar. K (Asst. Audit Officer, On 07-12-2021)<br>Last Updated By: Leelakrishnan.N.M (Audit Officer, On 13-12-2021) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ali Akbar. K (Asst. Audit Officer, On 06-12-2021)<br>Last Updated By: Leelakrishnan.N.M (Audit Officer, On 13-12-2021) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Ali Akbar. K (Asst. Audit Officer, On 06-12-2021)<br>Last Updated By: Unni P.K (Deputy Director, On 08-12-2021) | 4-9 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

27/02/2019തീയതിയിലെ 4(1)/19തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 07/03/2020 തീയതിയിലെ 1(1)/20തീരുമാനപ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ചുവടെ കൊടുക്കുന്നു.

മുന്നിരിപ്പ് - 26,163,455

വരവ് - 179,076,200

ആകെ - 205,239,655

ചെലവ് - 200,616,246

നീക്കി ബാക്കി - 4,623,409

### 1-1-1 ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.ആർ.ടി 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല. ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ , പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതായോ കാണുന്നില്ല.സാമ്പത്തികവ്രഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി /നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

### 1-1-2 ബഡ്ജറ്റ് പൂർണ്ണമല്ല

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് മാന്വലിലെ (ജി.ഒ. (ആർ.ടി.)നം. 3291/2016/തസ്വഭവ, തീയതി. 02.12.2016 ) ഖണ്ഡിക 3.1 പ്രകാരം ബഡ്ജറ്റ് പ്രമാണങ്ങളിൽ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. ബഡ്ജറ്റ് പ്രസംഗം.

2. ബഡ്ജറ്റ് നോട്ട്സ്.

3. ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും.

4. പെർഫോമൻസ് ബഡ്ജറ്റ്.

5. ജെന്റർ ബഡ്ജറ്റ്.

മേൽ പറഞ്ഞ പ്രാമാണങ്ങളിൽ ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും ഒഴികെയുള്ള രേഖകൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള 2019-20 വർഷത്തെ ബഡ്ജറ്റ് അപൂർണ്ണമാണ്.

### 1-1-3 ബഡ്ജറ്റ് വാസ്തവികമല്ല

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

1. ബഡ്ജറ്റ് പ്രകാരമുള്ള കണക്കുകളും വരവുചെലവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ബഡ്ജറ്റ് യഥാർത്ഥ വരവുചെലവുകളുമായി വളരെ അന്തരമുള്ളതാണ്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഹെഡ്സ് ഓഫ് അക്കൗണ്ട് | ബജറ്റ് 2019-20 (₹) | 2019-20വാർഷിക ധനകാര്യ പത്രിക പ്രകാരം ചെലവ് (₹) |
|---|---|---|---|
| 2 | 220520102 Consultancy Fees | 3,000 | 15,488 |
| 3 | 220400101& 220400102 Insurence Of Vehicle & | 15,000 | 24,794 |

| | | | |
|---|---|---|---|
| | Registration | | |
| 4 | 220210101,220210102 Stationery Expenses& Printing | 75,000 | 86,728 |

2.ബജറ്റ് എസ്റ്റിമേറ്റിൽ വകയിരുത്താത്ത ഇനങ്ങൾക്ക് ചെലവ് നടത്തി:-

ബജറ്റ് എസ്റ്റിമേറ്റിൽ വകയിരുത്താതെ ചെലവ് നടത്തിയതിന് ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ്ഡ് ഓഫ് അക്കൗണ്ട് | ബജറ്റ് 2019-20 (₹) | 2019-20വാർഷിക ധനകാര്യ പത്രിക പ്രകാരം ചെലവ് (₹) |
|---|---|---|---|
| 4 | 210200303 Telephone Allowance Vice President | Nil | 2,044 |
| 7 | 220800101 Keralolsavam | Nil | 22,180 |
| 8 | 220800104 Gramasabha Expenses | Nil | 15,000 |

വാസ്തവികമല്ലാത്ത ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യമായ സാമ്പത്തിക മാനേജ്മെന്റ് സാധ്യമാകാതെ വരുന്നു. യഥാർത്ഥ വരവിനേക്കാൾ പെരുപ്പിച്ചുകാണിക്കുന്ന ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം തുകവകയിരുത്തി പദ്ധതികൾ എല്ലാം നടപ്പിലാക്കുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ, നടപ്പിലാക്കിയ എല്ലാ പദ്ധതികളുടെയും ചെലവ് തുക നൽകാൻ കഴിയാത്ത അവസ്ഥ ഉണ്ടാകും. അങ്ങനെ വന്നാൽ അത് ഗ്രാമപഞ്ചായത്തിനെ കോടതി വ്യവഹാരങ്ങളിലേക്ക് നയിക്കുകയും ആയതുമൂലം ഗ്രാമപഞ്ചായത്തിന് ബാധ്യത ഉണ്ടാകുകയും ചെയ്യും. ആയതിനാൽ യഥാർത്ഥ്യ ബോധ്യത്തോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതാണ്.അപാകതകൾ വിശദീകരിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2020 | 30/05/2020 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വിവരണം | തുക |
|---|---|
| മുന്നിരിപ്പ് | 1,31,05,069.00 |
| വരവ് | 5,44,03,631.00 |
| ആകെ | 6,75,08,700.00 |
| ചെലവ് | 5,43,57,466.00 |
| നീക്കിയിരിപ്പ് | 1,31,51,234.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | NIL | 11268365 | 11268365 | 7018927 | 4249438 |
| വികസന ഫണ്ട്-എസ്.സി.പി (ACR | NIL | 1622000 | 1622000 | 456000 | 1166000 |

| | | | | | |
|---|---|---|---|---|---|
| പ്രകാരം) | | | | | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | NIL | 15978588 | 15978588 | 7675049 | 8303539 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | NIL | 15471000 | 15471000 | 2363805 | 13,107,195 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | NIL | 3251000 | 3251000 | 2363805 | 887195 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | NIL | 8486092 | 8486092 | 4338646 | 4147446 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | NIL | - | - | - | - |
| ജനറൽ പർപ്പസ് ഗ്രാന്റ്(ACR പ്രകാരം) | ACR ലഭ്യമാക്കിയിട്ടില്ല. | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 234 | 51249000 | 88 | 26890130 | 27 | 119 | 38 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11312.5 | 1485996 | 1497308.5 | 1027831.75 | 469476.75 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 36482837 | 36482837 | 36482837 | 0 |
| 100 ദിവസ അലവൻസ് | 0 | 5060789 | 5060789 | 4978791 | 81998 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു (നിലവിലെ സെക്രട്ടറിയുടെ ഓഡിറ്റ് എൻക്വയറി 1 നുള്ള മറുപടി പ്രകാരം തന്ന വിവരം വാർഷിക കണക്കുമായി യോജിക്കുന്നില്ല).

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24000 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 1603800 | 338 |
| വിധവാപെൻഷൻ | 3923400 | 705 |
| വാർദ്ധക്യകാലപെൻഷൻ | 6393900 | 1211 |
| വികലാംഗപെൻഷൻ | 1126600 | 210 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19/11/2021-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 549/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പരിശോധനയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ വിവിധ മേഖലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയപ്പോൾ ഭരണനിർവ്വഹണവും ആഭ്യന്തര നിയന്ത്രണ സംവിധാനവും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന്ബോധ്യമായി. ഭരണനിർവ്വഹണത്തിലും ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലുമുള്ള വീഴ്ചകൾ താഴെ കൊടുക്കുന്നു.

1.പരിശോധനാ സമയത്ത് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/19-20 08.11.2021 പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾക്ക് നിലവിലെ സെക്രട്ടറി തെറ്റായാണ് നൽകിയത്. അതിൽ മാറ്റം വരുത്തി വീണ്ടും ശരിയായ വിവരം നൽകാൻ ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 20/19.11.21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥരുടെ വിവരങ്ങൾ, ബജറ്റ്, വരവ്-ചെലവ് വിവരം, ഫണ്ട് വിവരം തുടങ്ങിയ പ്രധാനപ്പെട്ട കാര്യങ്ങളിൽ പോലും വ്യക്തമായ പരിശോധന നടത്താതെ ആണ് മേൽ പറഞ്ഞ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിരിക്കുന്നത്.

2. ഓഡിറ്റിന് ആവശ്യമായ രേഖകളുടെ പകർപ്പുകൾ സാക്ഷ്യപ്പെടുത്തി നൽകാൻ സെക്രട്ടറി തയ്യാറായിട്ടില്ല.

3. 2018-19 വർഷം മാത്രമേ മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളൂ. 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിൽ മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ പ്രകാരം (നം. എച്ച്1-13880/06/18.01.2007 ) ഇൻകുമ്പൻസി-മാസ്റ്റർ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കി തന്റെ ഉത്തരവാദിത്തത്തിൽ സൂക്ഷിക്കേണ്ടതാണ്. ഇങ്ങനെ ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന സെക്രട്ടറിമാരുടെ എൽ.പി.സി/ശമ്പള ബിൽ തടഞ്ഞു വെക്കേണ്ടതും അവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണെന്നും മേൽ സർക്കുലറിൽ വ്യക്തമാക്കുന്നുണ്ട്. ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

4. 2021-22 വർഷത്തെ ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ സൂക്ഷിക്കുന്നതിൽ സെക്രട്ടറി മതിയായ ശ്രദ്ധ പുലർത്തിയിട്ടില്ല. കാഷ് ബുക്ക്, ഡേബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദിവസവും പ്രിന്റൗട്ട് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 2019-20-വർഷത്തിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അതിനുശേഷം സൂക്ഷിക്കുന്നില്ല.

5. 2021-22 വർഷത്തെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. കാഷ് ബുക്ക്, ഡേ ബുക്ക്, ബാങ്ക് ബുക്ക്, F.D രജിസ്റ്റർ, ഇൻവസ്റ്റ്മെന്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ, ഇലക്ട്രോണിക് ഇനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ, ഒ.ഡി രജിസ്റ്റർ, പി.ആർ രജിസ്റ്ററുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക്,സ്റ്റോഴ്സ് എന്നിവയുടെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

6. സെക്ഷനുകൾ തൻപതിവേട് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

7. ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം പരിശോധിക്കുന്നതിന് ആവശ്യപ്പെട്ട 2021-22 വർഷത്തെ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് ഡയറി, ഇൻവാർഡ് രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസിൽ ക്ലറിക്കൽ ജീവനക്കാരെ നിയമിച്ചുകൊണ്ടുള്ള ഫ്രണ്ട് ഓഫീസ് ഡയറി ലഭ്യമാക്കിയിട്ടില്ല. അതിനാൽ തപാൽ വിതരണം കാര്യക്ഷമമാണോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.
8. രശീതി കളക്ഷൻ രജിസ്റ്ററുകൾ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തുന്നില്ല.

9. ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർക്കുന്നുണ്ടെങ്കിലും പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടില്ല.
10. ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെങ്കിലും ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ട്.

11. വാർഷികകണക്ക് പരിശോധനയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ ഇതുവരെയും പരിഹരിച്ചിട്ടില്ല.

12. വിവിധ ഡിമാന്റ് രജിസ്റ്റുകളും വാർഷിക കണക്കുമായി യോജിക്കുന്നില്ല.

13. രജിസ്റ്ററുകളിൽ സംക്ഷിപ്തമെഴുതിയിട്ടില്ല.

14. എം.എൻ.ആർ.ഇ.എ ഫയലുകൾ സൂക്ഷിപ്പ് പരിശോധിക്കപ്പെടുന്നില്ല. സൂപ്പർവൈസിംഗ് ഓഫീസർ ഫയലുകളോ ട്രാൻസാക്ഷനുകളോ പരിശോധിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26/06/18 മുതൽ 28/06/18 വരെ | 2017-2018 | 21/11/18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07/06/2013 മുതൽ 29/06/2013 വരെ | 2008-09മുതൽ 2012-13 വരെ | 22/08/2013 |

## 1-11 വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

## 1-11-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ് ), അകൗണ്ടിംഗ് കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.

## 1-11-2 പാർട്ട് ബിൽ നല്കിയ മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചപ്പോൾ അതാത് ആസ്തി ശീർഷകത്തിലേക്ക് മാറ്റിയില്ല.

പാർട്ട് ബിൽ ആയി നൽകിയ തുക Capital Work In Progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചപ്പോൾ അതാത് ആസ്തി ശീർഷകത്തിലേക്ക് മാറ്റാതെ തൻ വർഷത്തെ Work In Progress കൂടി ഷെഡ്യൂൾ B11(A) ശീർഷകത്തിൽ ഉൾപ്പെടുത്തുകയാണ് ചെയ്തത്.

## 1-11-3 ക്യൂ ബില്ലായ ഈ തുകകൾ ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

ഉദാ-കരാറുകാർ ബില്ലുകൾ സമർപ്പിച്ചു. ബാലൻസ്ഷീറ്റിൽ ഈ തുക ബാധ്യതയായി രേഖപ്പെടുത്തിയില്ല.ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ര.നം | പദ്ധതി | തുക |
|---|---|---|
| 1 | മാടക്കുന്ന് ഉപ്പരിമൂല റോഡ് | 4,35,615 |
| 2 | ജൂബിലി മാങ്കോട്ട്കുന്ന് നടപ്പാത | 2,18,914 |
| 3 | വിവിധ കമ്മ്യൂണിറ്റി ഹാളുകളുടെ വയറിംഗ് | 5,93,788 |
| 4 | ഉണിക്കടവ് നടപ്പാത | 27,8,019 |
| 5 | ഉണിക്കടവ് മലന്തോടൻ റോഡ് മെയിന്റനൻസ് | 5,40,731 |

## 1-11-4 വിവിധ തനത് വരുമാനങ്ങളുടെ രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ഉദാ-സ്ഥാപന തൊഴിൽ നികുതി, എഫ് ടി&ഇ ഒ ലൈസൻസ്, വസ്തു നികുതി രജിസ്റ്ററുകൾ.

| ഇനം | രജിസ്റ്റർ പ്രകാരം | | | വാർഷിക ധനകാര്യ പത്രിക പ്രകാരം | | | |
|---|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | വ്യത്യാസം |

| | | | | | | | |
|---|---|---|---|---|---|---|---|
| സ്ഥാപന തൊഴിൽ നികുതി | 1,28,060 | 1,28,060 | 0 | 1,28,060 | 1,33,960 (55,000+98960) | 0 | +5900 |
| ലൈസൻസ് ഫീസ് | 52,350 | 52,350 | 0 | 52,350 | 53150 (29650+23500) | 0 | +800 |

## 1-11-5 ബജറ്റ് എസ്റ്റിമേറ്റിൽ വകയിരുത്താത്ത ഇനങ്ങൾക്ക് ചെലവ് നടത്തി

*കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ഏതെങ്കിലും ചെലവ് ഒരു പഞ്ചായത്ത് വരുത്തിവെയ്ക്കാൻ പാടില്ലാത്തതാണ്. എന്നാൽ സ്ഥാപനത്തിന്റെ 2019-20 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടാത്ത പല ഇനങ്ങൾക്കും തുക ചെലവഴിച്ചതായും, ചില ഇനങ്ങൾക്ക് വകയിരുത്തിയതിൽ കൂടുതലും തുക ചെലവഴിച്ചിച്ചതായും ശ്രദ്ധയിൽപ്പെട്ടു. വിശദവിവരം ചുവടെ കൊടുക്കുന്നു.*

*1.ബജറ്റ് എസ്റ്റിമേറ്റിൽ വകയിരുത്തിയ തുകയെക്കാൾ അധികം ചെലവ് നടത്തിയതിന് ഉദാഹരണങ്ങൾ:-*

ബജറ്റ് എസ്റ്റിമേറ്റിൽ വകയിരുത്തിയ തുകയെക്കാൾ അധികം ചെലവ് നടത്തിയതിന് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ്ഡ് ഓഫ് അക്കൗണ്ട് | ബജറ്റ് 2019-20 (₹) | 2019-20വാർഷിക ധനകാര്യ പത്രിക പ്രകാരം ചെലവ് (₹) |
|---|---|---|---|
| 1 | 210200299 Other Benefits& Allowance | 60,000 | 1,75,228 |
| 2 | 220520102 Consultancy Fees | 3,000 | 15,488 |
| 3 | 220400101& 220400102 Insurence Of Vehicle & Registration | 15,000 | 24,794 |
| 4 | 220210101,220210102 Stationery Expenses& Printing | 75,000 | 86,728 |

**2.ബജറ്റ് എസ്റ്റിമേറ്റിൽ വകയിരുത്താത്ത ഇനങ്ങൾക്ക് ചെലവ് നടത്തി:-**

ബജറ്റ് എസ്റ്റിമേറ്റിൽ വകയിരുത്താതെ ചെലവ് നടത്തിയതിന് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ്ഡ് ഓഫ് അക്കൗണ്ട് | ബജറ്റ് 2019-20 (₹) | 2019-20വാർഷിക ധനകാര്യ പത്രിക പ്രകാരം ചെലവ് (₹) |
|---|---|---|---|
| 1 | 210200204 Festival Allowance | Nil | 49,500 |

| | | | |
|---|---|---|---|
| 2 | 210200206 Telephone Allowance Secretary | Nil | 2,004 |
| 3 | 210200303 Telephone Allowance President | Nil | 7,980 |
| 4 | 210200303 Telephone Allowance Vice President | Nil | 2,044 |
| 5 | 210500101 EPF Contribution | Nil | 1,03,520 |
| 6 | 220700101 Election Expenses | Nil | 22,495 |
| 7 | 220800101 Keralolsavam | Nil | 22,180 |
| 8 | 220800104 Gramasabha Expenses | Nil | 15,000 |

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11-6 ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫിക്സഡ് അസറ്റ്സിന്റെ മൂല്യത്തിന്റെ കൃത്യത താഴെ പറയുന്ന കാരണങ്ങളാൽ ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

1.ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാലും ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2.കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ ആസ്തികൾക്ക് രേഖപ്പെടുത്തിയിരിക്കുന്ന ഡിപ്രീസിയേഷന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-11-7 ട്രയൽബാലൻസ് ക്ലോസിംഗ് ബാലൻസ് തുക കാണിക്കുന്നില്ല

ട്രയൽബാലൻസിൽ ലെഡ്ജർ ബാലൻസ് കാണിക്കുന്നതിനു പകരം ഡെബിറ്റ് കോളത്തിലേയും ക്രെഡിറ്റ് കോളത്തിലേയു ആകെ തുകയാണ് കാണിക്കുന്നത്.

## 1-11-8 ദൈനംദിനം രസീത് റദ്ദാക്കൽ പത്രിക പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ദൈനംദിനം രസീത് റദ്ദാക്കൽ പത്രിക പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-11-9 ട്രയൽ ബാലൻസിലെ നീക്കിയിരിപ്പ് തുകകൾ ഇൻകം&എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല-

A.ഇൻകം&എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ 1ൽ തുടങ്ങുന്ന വരുമാന ഭാഗത്തുള്ള ഷെഡ്യൂളുകളിലെ അകൗണ്ട് ഹെഡ് 180800199,160100613 മുതൽ 171300101 വരെയുള്ള 9 അകൗണ്ടുകൾ ട്രയൽ ബാലൻസിലെ ക്ലോസിംഗ്

ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

B.ഇൻകം&എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ 2ൽ തുടങ്ങുന്ന ചെലവ് ഭാഗത്തുള്ള ഷെഡ്യൂളിലെ(I-10(B)) സെക്രട്ടറിയുടെ സാലറി എന്ന അകൗണ്ട് (ശീർഷകം 210100101) ട്രയൽ ബാലൻസിലെ ക്ലോസിംഗ് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല. ഇൻകം&എക്സ്പെൻഡീച്ചർ അകൗണ്ട് പ്രകാരം 7,67,147/- രൂപയും ട്രയൽ ബാലൻസ് പ്രകാരം 0 ബാലൻസുമാണ് ഉള്ളത്.

C.തൻവർഷ ട്രയൽ ബാലൻസിൽ 3 ൽ തുടങ്ങുന്ന ശീർഷകത്തിലുള്ള ബാധ്യതാ ഇനങ്ങൾ ബാലൻസ് ഷീറ്റിലെ ബാധ്യതാ ഭാഗത്തുള്ള ഷെഡ്യൂളുകളുമായി പൊരുത്തപ്പെടുന്നില്ല.

ഉദാ.ട്രയൽ ബാലൻസിലെ 311100101 ശീർഷകം മുതൽ330500202 ശീർഷകം വരെയുള്ള 18 അകൗണ്ടുകൾ ബാലൻസ് ഷീറ്റിലെ ബാധ്യതാ ഭാഗത്തുള്ള ഷെഡ്യൂളുകളുമായി പൊരുത്തപ്പെടുന്നില്ല.

D.ബാലൻസ് ഷീറ്റിലെ B17 Schedule പ്രകാരം സ്ഥാപനത്തിന് 11 ബാങ്ക് അകൗണ്ടുകൾ ഉണ്ട്.ഇവയുടെ ക്ലോസിംഗ് ബാലൻസ് തുകകൾ ട്രയൽ ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

## 1-11-10 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല-

ഉദാ- വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.
ഡിമാന്റ് എൻട്രിക്ക് ആശ്രയിക്കാവുന്ന /സാധൂകരിക്കുന്ന രജിസ്റ്റർ ഇല്ല.വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുകയോ സാമ്പത്തീക വർഷാവസാനം സഞ്ചയയിൽ നിന്ന് പ്രിന്റ് എടുത്ത് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

## 1-11-11 മുൻകൂർ നല്കിയ തുക സമയബന്ധിതമായി ക്രമീകരിക്കാൻ നടപടിയില്ല-

ബാലൻസ് ഷീറ്റിലെ B18 Schedule പ്രകാരം Advance To Implementing Officers എന്ന ശീർഷകത്തിൽ 3,37,338/-പ മുൻ വർഷം മുതൽ സ്ഥാപനത്തിന് തിരികെ ലഭിക്കാനുള്ളതായി കാണുന്നു. ഈ തുക തിരിച്ചു പിടിക്കാനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

## 1-11-12 വാർഷിക ധനകാര്യപത്രികയിലെ പൊതുവായ അപാകതകൾ

1.കോട്ടത്തറ പഞ്ചായത്ത് ഭരണസമിതിയുടെ 20.04.2020 തിയ്യതിയിലെ 4/4(1) നമ്പർ തീരുമാനപ്രകാരം വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളതും വാർഷിക ധനകാര്യ പത്രികയിൽ തിരുത്തുന്നതിനായി തിരിച്ചയച്ചിട്ടുള്ളതും തിരികെ 01/06/2020 തിയ്യതിയിൽ എയിംസ് സോഫ്റ്റ്വെയറിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. തിരുത്തിയ വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് സമർപ്പിക്കുന്നതിനു വേണ്ടിയുള്ള ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

2. 2018-19 വർഷത്തെ കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി.) പി4-181/2020 നമ്പർ ഓഡിറ്റ് റിപ്പോർട്ടിൽ അനുബന്ധമായി ഉൾപ്പെടുത്തിയിരുന്ന വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് അറിയിച്ചിട്ടില്ല.

3. ജേണൽ ബുക്ക് ഓഡിറ്റിന് ഹാജരാക്കിയില്ല.

4. വിവിധ രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല-

ഉദാ.ആസ്തി രജിസ്റ്റർ, ലോൺ രജിസ്റ്റർ,

5.സ്റ്റോക്ക്,സ്റ്റോഴ്സ് എന്നിവയുടെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

6.വായ്പാ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7.Schedule B1 പ്രകാരം വരുമാനത്തേക്കാൾ കൂടുതലായുള്ള ചെലവ് 8,624,432.80 രൂപയാണ്.
വരുമാനത്തേക്കാൾ കൂടുതലായി ചെലവ് വരാനുള്ള സാഹചര്യം വിശദീകരിക്കേണ്ടതാണ്.

8.ബാങ്ക് റീക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകൾ ബാലൻസ് ഷീറ്റിലെ B9 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

09.ബാലൻസ് ഷീറ്റിന്റെ B9 ഷെഡ്യൂളിലെ KSFE യിലേക്ക് 5,000/- രൂപ അടവാക്കാനുള്ളതായി കാണിച്ചിട്ടുണ്ട്.
ഇത് ഏതിനത്തിലുള്ളതാണെന്ന് വിശദീകരിക്കേണ്ടതാണ്.

10. ബാലൻസ് ഷീറ്റിന്റെ B11 ഷെഡ്യൂൾ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കഴിഞ്ഞ വർഷത്തെ ഡിപ്രീസിയേഷൻ കുറയ്ക്കാതെയാണ് കണക്കാക്കിയിട്ടുള്ളത്.

11. ബാലൻസ് ഷീറ്റിന്റെ B11 ഷെഡ്യൂൾ പ്രകാരമുള്ള തേയ്മാനത്തിന് കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് വെച്ചിട്ടില്ല. തുകകൾ

12.തൻ വർഷ ബാലൻസ് ഷീറ്റിലെ (Schedule B4)ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ , സംയുക്ത പ്രൊജക്ടിനുള്ള തുകകൾ, തനത് ഫണ്ടിനോടോപ്പം നിക്ഷേപിച്ചിട്ടുള്ള തുകകൾ എന്നിവയ്ക്ക് ACR സൂക്ഷിക്കാത്തതിനാൽ ഇതിന് തുല്യമായ തുക ബാങ്ക് അകൗണ്ടിൽ ഉണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

13.ബാലൻസ് ഷീറ്റിലെ B18ഷെഡ്യൂൾ പ്രകാരം Advance To Implementing Officers എന്ന ശീർഷകത്തിൽ 3,37,338/- രൂപ മുൻ വർഷം മുതൽ സ്ഥാപനത്തിന് തിരികെ ലഭിക്കാനുള്ളതായി കാണുന്നു. ഈ തുക തിരിച്ചു പിടിക്കാനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

14.EMDരജിസ്റ്ററിൽ തുക രേഖപ്പെടുത്താത്തതിനാൽ തൻ വർഷം EMD ഇനത്തിൽ എത്ര രൂപ പിരിഞ്ഞു കിട്ടിയെന്നോ എത്ര രൂപ തിരികെ നൽകിയെന്നോ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

15.Sale Of Tender Form രജിസ്റ്ററിൽ വർഷം തിരിച്ച് ടെൻഡർ ഫോം ഇനത്തിലെ വരവ് എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ടെൻഡർ ഫോം ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

16.തനത് ഫണ്ട് അകൗണ്ടിൽ നിന്ന് സെൽഫ് ചെക്ക് മുഖേന പിൻവലിച്ച താഴെ പറയുന്ന തുകകളുടെ വൗച്ചറുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| പിൻവലിച്ച തിയ്യതി | തുക | ചെക്ക് നം. |
|---|---|---|
| 08/07/19 | 39,357 | 7633 |
| 10/10/19 | 24,248 | 9249 |
| 11/11/19 | 17,871 | 12067 |
| 06/12/19 | 30,092 | 12093 |
| 17/03/20 | 17,105 | 12910 |
| 23/03/20 | 9455 | 12915 |
| 21/11/19 | 24,248 | 12086 |
| 18/11/19 | 17,387 | 12084 |
| 13/11/19 | 15,445 | 12072 |
| 30/09/19 | 13,250 | 9774 |

17. മുൻ വർഷ ബാലൻസ് ഷീറ്റിലെ B9 ഷെഡ്യൂൾ പ്രകാരം വസ്തു നികുതിയിനത്തിലുള്ള അഡ്വാൻസ് 7,085/- രൂപയാണ്. 26,738/-രൂപ ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയതായി കാണുന്നു.

18.ബാലൻസ് ഷീറ്റിന്റെ B5 SCHEDULE പ്രകാരം 82,61,116/-രൂപ ലോൺ ഇനത്തിലുള്ള ബാധ്യത ഉണ്ട്.

എന്നാൽ ലോൺ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

19.വിവിധ എ സി ആറുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

20.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അകൗണ്ടുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

21.പാർട്ട് ബിൽ നല്കിയ മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചപ്പോൾ അതാത് ആസ്തി ശീർഷകത്തിലേക്ക് മാറ്റിയില്ല.

പാർട്ട് ബിൽ ആയി നൽകിയ തുക Capital Work In Progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും മരാമത പ്രവൃത്തികൾ പൂർത്തീകരിച്ചപ്പോൾ അതാത് ആസ്തി ശീർഷകത്തിലേക്ക് മാറ്റാതെ തൻവർഷത്തെ Work In Progress കൂ ഷെഡ്യൂൾ B11(A) ശീർഷകത്തിൽ ഉൾപ്പെടുത്തുകയാണ് ചെയ്തത്.

22.ഗ്രാന്റ് വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കാത്തതിനാൽ ഗ്രാന്റ് വിനിയോഗത്തിന്റെ കൃത്യത ഉറപ്പുവരുത്താ സാധിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 18/19-20തീയതി 19.11.2021)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 സാംഖ്യ രസീതി കൗണ്ടർഫോയിൽ സൂക്ഷിപ്പിലെ അപാകതകൾ

സാംഖ്യ രസീതി കൗണ്ടർഫോയിൽ സൂക്ഷിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

**ക്യാൻസൽ ചെയ്ത സാംഖ്യ രസീതികളുടെ റിപ്പോർട്ട് പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നില്ല-**

ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ ഡേ ബുക്ക്, സാംഖ്യ രസീതുകൾ എന്നിവയുടെ പരിശോധനയിൽ ഡേബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

***സെക്രട്ടറിയുടെ അനുമതിയില്ലാതെ സാംഖ്യ രസീതികൾ ക്യാൻസൽ ചെയ്തു-***

*ക്യാൻസൽ ചെയ്ത സാംഖ്യ രസീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.*

*2327969, 970971, 997998, 2328000,8559007,8559008*

***സാംഖ്യ രസീതിയുടെ സ്റ്റോക്ക് രജിസ്റ്ററിൽ സാംഖ്യ രസീതികളുടെ ഇഷ്യൂ ക്രമമായി കാണിക്കുന്നില്ല-***

*31/03/2017 തിയ്യതിയിൽ വയനാട് ഡപ്യൂട്ടിഡയറക്ടർ ഓഫ് പഞ്ചായത്തിൽ നിന്നും സ്റ്റേഷനറി നം.2322001 മുതൽ 2328000 വരെയുള്ള 6000 സാംഖ്യ സ്റ്റേഷനറികൾ ലഭിച്ചിട്ടുണ്ട്.ഇവയിൽ 2327000 സാംഖ്യ സ്റ്റേഷനറികൾ മാത്രമേ ഇഷ്യൂ കാണിച്ചിട്ടുള്ളൂ.2327001 മുതൽ 2328000 വരെയുള്ള സ്റ്റേഷനറികൾ ഉപയോഗിച്ചിട്ടുണ്ടെങ്കിലും വിതരണ വിവരം കാണിച്ചിട്ടില്ല.*

***ഉപയോഗിക്കാത്ത സാംഖ്യ സ്റ്റേഷനറികൾ ക്യാൻസൽ ചെയ്യാതെ ബ്ലാങ്കായി സൂക്ഷിച്ചിട്ടുണ്ട്-***

*ഉപയോഗിക്കാത്ത സാംഖ്യ സ്റ്റേഷനറികൾ ക്യാൻസൽ ചെയ്യുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യാതെ സൂക്ഷിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.*

*സ്റ്റേഷനറി നം.8559149, 8559500, 8559727, 8559728.*

***സാംഖ്യ സ്റ്റേഷനറികൗണ്ടർഫോയിലുകൾ ക്രമരഹിതമായി സൂക്ഷിക്കുന്നു-***

*സ്റ്റേഷനറി നം.8559020 മുതൽ ക്രമരഹിതമായിട്ടാണ് സൂക്ഷിച്ചിട്ടുള്ളത്.തൻമൂലം കൗണ്ടർഫോയിലുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.*

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം. 24/2019-20/ 20.11.2021)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതിലുള്ള അപാകത-പഞ്ചായത്ത് ഫണ്ടിന് നഷ്ടം

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടത്തിന്റെ 3 ാം ചട്ടത്തിലെ ഉപചട്ടം 2,5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി വസ്തു നികുതി നിശ്ചയിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവചെ കൊടുക്കുന്നു.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടത്തിന്റെ 3 ാം ചട്ടത്തിലെ ഉപചട്ടം 2,5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി വസ്തു നികുതി നിശ്ചയിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1) ശ്രീ. ഇസ്മയിൽ ടി, തയ്യുള്ളതിൽ എന്നവരുടെ ഉടമസ്ഥതയിൽ 2-)O വാർഡിൽ 2/184-A1മുതൽ A7 വരെ നമ്പറുകളുള്ള വാണിജ്യ കെട്ടിടം നിർമ്മിച്ചു. ഈ കെട്ടിടത്തിന്റെ 2/184-A3 നമ്പർ നൽകിയ 24.4ച മീ വിസ്തീർണ്ണത്തിലുള്ള ഭാഗം 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾ എന്ന കാറ്റഗറിയിൽപ്പെടുത്തി 50/- രൂപ നിരക്കിലാണ് വസ്തു

നികുതി നിശ്ചയിച്ചിരിക്കുന്നത്. 2017-18 വാർഷിക ഓഡിറ്റിൽ എൻക്വയറി.നം.12/ 2017-18/ 01.12.2018 മുഖേന ഈ അപാകത ചൂണ്ടിക്കാണിച്ചതിന് മറുപടിയായി വസ്തു നികുതി പുന നിർണ്ണയിച്ച് വസ്തുനികുതിയിനത്തിൽ കുറവുവന്ന തുക അടവാക്കി എന്ന് അറിയിച്ചുവെങ്കിലും അപാകത പൂർണ്ണമായും പരിഹരിച്ചിട്ടില്ല.

| കെട്ടിടത്തിന്റെ വിവരങ്ങൾ | ഫോം-6 പ്രകാരം നിർണ്ണയിച്ച വസ്തു നികുതി<br>ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-50/- രൂപ,വർദ്ധനവ്(വഴിസൗകര്യം)-20%)(ലൈബ്രറിസെസ്-5 %.) | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി.<br>ഉപയോഗക്രമം-ഷോപ്പ്. അടിസ്ഥാന നിരക്ക്-50/- രൂപ,വർദ്ധനവ്(വഴി സൗകര്യം)-20%)(ലൈബ്രറിസെസ്-5 %.) | വസ്തു നികുതിയിനത്തിൽ വന്ന കുറവ് |
|---|---|---|---|
| കെട്ടിടനം- 2/184A3<br>തറ വിസ്തീർണ്ണം-24.4ച.മീ | 1538(1464+ LC 74) | 1845(1757+LC 88) | 307 |

2) 4ാം വാർഡിൽ 426/9സർവ്വെ നമ്പറിൽപ്പെട്ട ഷാജു പോൾ അമ്പലത്തിങ്കൽ എന്നയാൾ 105.11 വിസ്തീർണ്ണത്തിലുള്ള വാണിജ്യ കെട്ടിടം നിർമ്മിച്ചു.ഈ കെട്ടിടത്തിന് 4/55A മുതൽ 4/55F വരെയുള്ള നമ്പർ അനുവദിച്ചു. ഈ കെട്ടിടത്തെ 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾ എന്ന കാറ്റഗറിയിൽപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചു.

| കെട്ടിടത്തിന്റെ വിവരങ്ങൾ | ഫോം-6 പ്രകാരം നിർണ്ണയിച്ച വസ്തു നികുതി<br>ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-50/- രൂപ,വർദ്ധനവ്(വഴിസൗകര്യം)-20%)(ലൈബ്രറിസെസ്-5 %.) | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി.<br>ഉപയോഗക്രമം-ഷോപ്പ്. അടിസ്ഥാന നിരക്ക്-50/- രൂപ,വർദ്ധനവ്(വഴി സൗകര്യം)-20%)(ലൈബ്രറിസെസ്-5 %.) | വസ്തു നികുതിയിനത്തിൽ വന്ന കുറവ് |
|---|---|---|---|
| 4/55A-F | 6622(6307+LC 315) | 7947(7568+LC379) | 1325 |

3) 4ാം വാർഡിൽ 181/1സർവ്വെ നമ്പറിൽപ്പെട്ട ജോസ് പി എൽ പാലക്കാട്ട് എന്നയാൾ നിർമ്മിച്ച വാണിജ്യ കെട്ടിടത്തിന് 4/76A മുതൽ 4/76 K വരെയുള്ള കെട്ടിട നമ്പർ അനുവദിച്ചു. ഇവയിൽ 4/76G മുതൽ 4/76kവരെയുള്ള (107.9ച മീ) കെട്ടിടങ്ങളെ 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾ എന്ന കാറ്റഗറിയിൽപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്.

| കെട്ടിടനം. | വിസ്തീർണ്ണം(ച.മീ) | ഫോം-6 പ്രകാരം നിർണ്ണയിച്ച വസ്തു നികുതി<br>ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-50/- രൂപ,വർദ്ധനവ്(വഴിസൗകര്യം)-20%)(ലൈബ്രറിസെസ്-5 %.) | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി.<br>ഉപയോഗക്രമം-ഷോപ്പ്. അടിസ്ഥാന നിരക്ക്-50/- രൂപ,വർദ്ധനവ്(വഴി സൗകര്യം)-20%)(ലൈബ്രറിസെസ്-5 %.) | വസ്തു നികുതിയിനത്തിൽ വന്ന കുറവ് |
|---|---|---|---|---|
| 4/76G | 26.38 | 1663(1583+LC 80 | 1994(1899+LC 95) | 331 |
| 4/76H | 26.38 | 1663(1583+LC 80 | 1994(1899+LC 95) | 331 |

| | | | | |
|---|---|---|---|---|
| 4/76J | 27.57 | 1593(1517+76) | 2084(1985+LC 99) | 491 |
| 4/76K | 27.57 | 1593(1517+76) | 2084(1985+LC 99) | 491 |
| ആകെ | | | | 1644 |

4)4-ാം വാർഡിൽ 181/1സർവ്വെ നമ്പറിൽപ്പെട്ട വിനോദ് കുമാർ എന്നയാൾ 137.45 ച മീ വിസ്തീർണ്ണത്തിലുള്ള വാണിജ്യ കെട്ടിടം നിർമ്മിച്ചു.ഈ കെട്ടിടത്തിന് 4/380A – 4/380E വരെയുള്ള നമ്പർ അനുവദിച്ചു. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഈ കെട്ടിടത്തിന്റെ 137.45 ച.മീ വിസ്തീർണ്ണത്തിന് നികുതി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾ എന്ന കാറ്റഗറിയിൽപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്.

| കെട്ടിടനം. | വിസ്തീർണ്ണം(ച.മീ) | ഫോം-6 പ്രകാരം നിർണ്ണയിച്ച വസ്തു നികുതി<br>ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-50/-രൂപ,1-ാം നില-6% ഇളവ്,വർദ്ധനവ്(വഴിസൗകര്യം)-20%)(ലൈബ്രറിസെസ്-5 %.) | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി.<br>ഉപയോഗക്രമം-ഷോപ്പ്. അടിസ്ഥാന നിരക്ക്-50/-രൂപ,വർദ്ധനവ്(വഴി സൗകര്യം)-20%)(ലൈബ്രറിസെസ്-5 %.) | വസ്തു നികുതിയിനത്തിൽ വന്ന കുറവ് |
|---|---|---|---|---|
| 4/380A | 27.27 | 1634(1556+LC 78) | 1959(1865+LC 94) | 325 |
| 4/380B | 27.27 | 1634(1556+LC 78) | 1959(1865+LC 94) | 325 |
| 4/380C | 27.27 | 1634(1556+LC 78) | 1959(1865+LC 94) | 325 |
| 4/380D | 27.805 | 1666(1586+LC 80) | 1997(1902+LC 95) | 331 |
| 4/380E | 27.805 | 1666(1586+LC 80) | 1997(1902+LC 95) | 331 |
| ആകെ | | | | 1637 |

4.01.11ലെ സ.ഉ (അ) നം. 20/2011 തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോട്ടത്തറ ഗ്രാമ പഞ്ചായത്ത് പ്രസിദ്ധീകരിച്ച വസ്തുനികുതി വിജ്ഞാപന പ്രകാരം 100ച.മീ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് ഒരു ചതുരശ്രമീറ്ററിന് 60/- രൂപയാണ്. 100ച.മീ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളെ 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾ എന്ന കാറ്റഗറിയിൽപ്പെടുത്തി 50/- രൂപ നിരക്കിൽ വസ്തു നികുതി നിശ്ചയിച്ചതിനാൽ മുകളിൽ പരാമർശിച്ച 4 കെട്ടിടങ്ങളിൽ നിന്ന് മാത്രം പ്രതിവർഷം 4913/- രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുകയാണ്.

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/19-20തീയതി 18.11.2021) സമർപ്പിച്ച മറുപടിയിൽ വസ്തുനികുതിയിനത്തിൽ കുറവുവന്ന തുക കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തു നികുതിയിനത്തിൽ കുറവു വന്ന 4913/- രൂപ മുകളില് പറഞ്ഞ കെട്ടിടങ്ങളുടെ നികുതി പ്രാബല്യത്തിൽ വന്ന തിയ്യതി മുതൽ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും 100 ച.മീ. ന് മുകളിൽ വിസ്തീർണ്ണമുള്ള മറ്റ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചത് പുനപരിശോധിച്ച് ശരിയായ രീതിയിലാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14 വിവിധ പദ്ധതികളുടെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത രസീതി ബുക്ക് കൃഷി ഓഫീസർ പരിശോധനയ്ക്ക് ഹാജരാക്കാക്കിയിട്ടില്ല

കോട്ടത്തറ കൃഷി ഓഫീസറുടെ പേരിൽ 33350,33351 നമ്പറുകളിലുള്ള രസീതി ബുക്കുകൾ ഇഷ്യൂ ചെയ്തിട്ടുണ്ട്. ഇഷ്യൂ വിവരം ചുവടെ കൊടുക്കുന്നു.

| രസീതി ബുക്ക് നം. | ഇഷ്യൂ ചെയ്ത തിയ്യതി |
|---|---|
| 35350 | 17/09/20 |
| 35351 | 06/11/20 |

മേൽ രസീതി ബുക്കുകൾ ഉപയോഗിച്ച് 1,22,861/-രൂപ വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്തിട്ടുണ്ട്.എന്നാൽ രസീതി ബുക്കും കളക്ഷൻ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ രസീതി ബുക്ക് ഉപയോഗിച്ച് പിരിച്ചെടുത്ത പണത്തിന്റെ കൃത്യത പരിശോധിക്കാൻ

സാധിച്ചിട്ടില്ല. രസീതി ബുക്കുകളും കളക്ഷൻ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് **(നം. 22/19-20തീയതി 20.11.2021)**മറുപടി ലഭ്യമാക്കിയിട്ടില്ല. രസീതി ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-15 സ്വയം തൊഴിൽ സംരംഭ ധനസഹായ പദ്ധതിയിലൂടെ ധനസഹായം കൈപ്പറ്റിയ വനിതാ ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നില്ല.

**കോട്ടത്തറ ഗ്രാമ പഞ്ചായത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വനിതാ തൊഴിൽ സംരംഭ ധനസഹായ പദ്ധതിയിലൂടെ ധനസഹായം കൈപ്പറ്റിയ സംരംഭങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ല. പദ്ധതിയുടെ വിശദാംശങ്ങൾ ഖണ്ഡിക 3-2ൽ കൊടുക്കുന്നു.**

## 1-16 വിമുക്ത ഭടന്മാരുടെ വാസഗൃഹങ്ങൾക്ക് സർക്കാർ ഉത്തരവ് പാലിക്കാതെ വസ്തുനികുതി ഇളവ് നൽകി

സ.ഉ(കൈ)നം.106/17 തീയതി. 26/5/2017 പ്രകാരം വിമുക്ത ഭടന്മാരുടേയും അവരുടെ ഭാര്യമാരുടേയും/ വിധവകളുടേയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന 2000 ച.അടിവരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. വസ്തുനികുതി ഇളവ് ലഭ്യമാക്കുന്നതിന് നിശ്ചിത മാതൃകയിൽ തയ്യാറാക്കുന്ന സാക്ഷ്യപത്രം കെട്ടിടനികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി തദ്ദേശ സ്വയംഭരണ സെക്രട്ടറിക്ക് നൽകേണ്ടതും ഇത്തരത്തിൽ കെട്ടിടനികുതിയിളവിന് അർഹരായവരുടെ നികുതി വിവരങ്ങൾ സൂക്ഷിക്കുന്നതിന് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ 21 കെട്ടിടങ്ങൾക്ക് വിമുക്തഭടന്മാരുടെ താമസഗൃഹങ്ങൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി വസ്തുനികുതിയിൽ ഇളവ് നൽകിയിട്ടുണ്ട്.

എന്നാൽ നികുതിയിളവ് നല്കിയവരിൽ 4 പേർ മാത്രമേ അപേക്ഷ /സാക്ഷ്യപത്രം നൽകിയിട്ടുള്ളൂ. അപേക്ഷ നൽകിയ 4 പേരിൽ ഒരാൾ മാത്രമാണ് സമയബന്ധിതമായി അപേക്ഷ നൽകിയത്.

അപേക്ഷ /സാക്ഷ്യപത്രം കൂടാതെ നികുതിയിളവ് നൽകിയതിനും സർക്കാർ ഉത്തരവിന് വിരുദ്ധമായി സമയബന്ധിതമായി ലഭിക്കാത്ത അപേക്ഷകൾ സ്വീകരിച്ച് നികുതിയിളവ് അനുവദിച്ചതിനും വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് **(നം. 21/19-20തീയതി 20.11.2021)**മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 എഫ് ടി ഇ & ഒ എ ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

2019-20വാർഷിക ഓഡിറ്റിന്റെ ഭാഗമായി എഫ് ടി ഇ & ഒ എ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

## 1-17(1) വ്യാപാരികളിൽ നിന്ന് മൂലധന നിക്ഷേപക്കണക്ക് ലഭ്യമാക്കാതെയാണ് ലൈസൻസ് ഫീസ് കണക്കാക്കിയത്:-

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് 31.10.2017 ലെ ജി.ഒ.(പി) 80/2017 ത സ്വ ഭ വ എസ് ആർ ഒ നം.674/17പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ,മിനി,സ്മോൾ,മീഡിയം,ലാർജ്ജ് എന്റർപ്രൈസസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്.എന്നാൽ ലൈസൻസിനുള്ള അപേക്ഷകളിലൊന്നിലും മൂലധന നിക്ഷേപത്തിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല. വ്യാപാരികളുടെ മൂലധന നിക്ഷേപത്തിന്റെ വിവരങ്ങളില്ലാതെ ലൈസൻസ് ഫീസ് കണക്കാക്കിയതെങ്ങനെയെന്ന് വിശദീകരിക്കേണ്ടതാണ്.

## 1-17(2) അപേക്ഷാ ഫോറത്തിൽ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും ലഭ്യമാക്കാതെയുള്ള അപേക്ഷകൾ പഞ്ചായത്തിൽ സ്വീകരിക്കുന്നു:-

മേൽ ചട്ടം 12((2) പ്രകാരം അപേക്ഷയിൽ ഫാക്ടറിയിലോ വർക്ക് ഷോപ്പിലോ ജോലി സ്ഥലത്തോ ഭൂമിയിലോ നിയോഗിക്കുന്ന ജോലിക്കാരുടെ എണ്ണവും അതോടൊപ്പം ജോലിസ്ഥലത്തിന്റെയോ ഭൂമിയുടെയോ പ്ലാൻ, യന്ത്ര

സാമഗ്രി, അതിന്റെ ശക്തി എന്നിവ സംബന്ധിച്ച വിവരങ്ങളും ഉണ്ടായിരിക്കണം. ഭൂരിഭാഗം അപേക്ഷകളും അപൂർണ്ണമാണ്. അപേക്ഷകർ അപേക്ഷാ ഫോറത്തിൽ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

## 1-17(3) പഞ്ചായത്ത് പ്രദേശത്ത് ലൈസൻസില്ലാതെ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു:-

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 [1999 ലെ ഭേദഗതി കാണുക] പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെ നിബന്ധനകൾ പാലിക്കാതെയും പഞ്ചായത്ത് പ്രദേശത്ത് ഏതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. എന്നാൽ കോട്ടത്തറ പഞ്ചായത്തിൽ വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾ 2019-20 സാമ്പത്തീകവർഷം ലൈസൻസ് കൂടാതെ പ്രവർത്തിച്ചിട്ടുണ്ട്.

ഉദാ. ചലനം സോപ്പ് നിർമ്മാണ യൂണിറ്റ് കോട്ടത്തറ, ജൈവീക വൈ എം ആർ എസ് നഴ്സറി കാക്കൻചാൽ.

## 1-17(4) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമായി സൂക്ഷിക്കുന്നില്ല:-

**ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമായി സൂക്ഷിക്കാത്തതിനാൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്താനോ നടപടി സ്വീകരിക്കാനോ കഴിയുന്നില്ല.**

## 1-17(5) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പൊതുവിതരണ കേന്ദ്രങ്ങൾ ലൈസൻസ് കൂടാതെയാണ് പ്രവർത്തിക്കുന്നത്:-

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17(6) രേഖകളുടെ അഭാവത്തിൽ ലൈസൻസ് നിരസിച്ച സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നില്ല

ആവശ്യമായ രേഖകളില്ലാത്തതിനാൽ ലൈസൻസ് അനുവദിക്കാതിരുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങൾ നിലവിൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

| കെട്ടിട നം. | പേര് |
|---|---|
| 2/32E | മൊയ്തു ഇളമ്പിലായി(മരവ്യവസായം) |
| 1/434 | ജോസഫ് ജോയി(പൊടിമില്ല്) |

## 1-17(7) ലൈസൻസ് ഫീസ് ഈടാക്കിയത് ചട്ടപ്രകാരമല്ല

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തീക വർഷം ലൈസൻസ് ഫീസ് ഈടാക്കിയത് ചട്ടപ്രകാരമല്ല.

**ലൈസൻസ് ഫീസ് ഈടാക്കിയതിനാധാരമായ ഫീൽഡ് തല അന്വേഷണ റിപ്പോർട്ട് അപേക്ഷയിൽ രേഖപ്പെടുത്തുന്നില്ല. ഫീൽഡ് തല അന്വേഷണ പ്രകാരം കണക്കാക്കിയിട്ടുള്ള മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ലൈസൻസ് ഫീസ് ഭേദഗതി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം**

**തിരിക്കുകയും ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമായി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.**

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം. 23/2019-20/ 20.11.2021)മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-12ൽ അപാകത ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും അപാകത പരിഹരിച്ചിട്ടില്ല. കച്ചവട സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നില്ലായെന്ന് ഭരണസമിതിയും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഉറപ്പ് വരുത്തേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-18 തൊഴിൽ നികുതി പരിശോധന-അപാകതകൾ

2019-20 സാമ്പത്തീക വർഷം തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

## 1-18(1) ഗ്രാമപഞ്ചായത്തിന്റെ പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

പഞ്ചായത്തിന്റെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ഡിമാന്റ് നോട്ടീസ് അയക്കുകയോ ചെയ്തിട്ടില്ല.1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരർദ്ധവർഷം തൊഴിൽ നികുതി കൊടുക്കുന്നതിന് ബദ്ധ്യസ്ഥനോ, ബാധ്യസ്ഥരോ ആണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം അങ്ങനെയുള്ള കമ്പനിയോട്/ ആളോട് തുടർന്നുള്ള അർദ്ധവർഷത്തിൽ ഫോറം VI ലുള്ള നോട്ടീസ് പ്രകാരം 15 ദിവസത്തിനുള്ളിൽ റിട്ടേൺ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകേണ്ടതായിരുന്നു. അതുപോലെത്തന്നെ മേൽ ചട്ടങ്ങളിൽ ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിയ്ക്ക് തൊഴിലുടമയോട് സ്ഥാപനത്തിൽ ജോലിചെയ്യുന്ന എല്ലാവരുടേയും പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റ്, വരുമാനത്തെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്. LSGD എൻജിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന 22 അംഗീകൃത കരാറുകാർ ഉണ്ട്. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശം ഉണ്ടായിട്ടും നാളിതുവരെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ വാർഷിക കണക്കും ഡിമാന്റ് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല, കൂടാതെ വാർഷിക സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കരാറുകാരിൽ നിന്നുള്ള തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

**പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായ തൊഴിൽനികുതി പൂർണ്ണമായും ഈടാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.**

## 1-18(2) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരംതൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18(3) ഡോക്ടർമാർ, അഭിഭാഷകർ, പാരാമെഡിക്കൽ ജീവനക്കാർ, കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തു പരിധിയിൽ ജോലി ചെയ്തു വരുന്ന ഡോക്ടർമാർ, അഭിഭാഷകർ, പാരാമെഡിക്കൽ ജീവനക്കാർ, കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

**അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം. 32/2019-20/ 20.11.2021)മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.**

## 1-19 പൂർത്തീകരണ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള വിസ്തീർണ്ണത്തിലും കുറവ് വിസ്തീർണ്ണത്തിന് വസ്തു നികുതി ഈടാക്കുന്നു

7-ാം വാർഡിൽ റി.സ.നം.221/1ൽപ്പെട്ട ശ്രീ.തോമസ് എന്നയാൾക്ക് 158.82 ച.മീറ്ററിലുള്ള വാണിജ്യകെട്ടിടം നിർമ്മിക്കാൻ 25/09/2017 തിയ്യതിയിൽ A4-BA(48371)/17 കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്.കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന് 167.24 ച.മീറ്ററും അസി എൻജിനീയർ LSGD യുടെ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന് 166.32 ച മീറ്ററും വിസ്തീർണ്ണമുണ്ട്. കെട്ടിടത്തിന് VII/239A മുതൽ VII/239E വരെയുള്ള നമ്പർ അനുവദിച്ചു. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ആദ്യം പെർമ്മിറ്റെടുത്ത 158.82 ച.മീ വിസ്തീർണ്ണത്തിനുമാത്രമാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. അധികമായി പണിത 7.5 ച.മീറ്ററിന് നികുതി നിശ്ചയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം(ച.മീ) |
|---|---|
| VII/239A | 28.54 |
| VII/239B | 21.00 |
| VII/239C | 22.00 |
| VII/239D | 15.28 |
| VII/239E | 72.00 |
| ആകെ | 158.82 |

ഈ കെട്ടിടത്തിന്റെ ഏതൊക്കെ ഭാഗത്തിനാണ് നികുതിയിളവ് നൽകിയതെന്ന പട്ടിക 19/11/21 തിയ്യതിയ്ക്ക് മുൻപായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി**(നം. 16/19-20തീയതി 18.11.2021)** നികുതി നിർണ്ണയിച്ചപ്പോൾ വന്ന അപാകതയാണെന്നും കെട്ടിട നികുതി പുന:നിർണ്ണയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-20 ഐ.സി.ഡി.എസ് സൂപ്പർവൈസർ ക്വട്ടേഷൻ കൂടാതെ വാഹനം വാടകയ്ക്കെടുത്തു-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ വിവിധ അംഗൺവാടികളിലേക്ക് വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ കൂടാതെയാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ വാഹനം വാടകയ്ക്കെടുത്തത്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രോജക്ട് നമ്പർ- 46/19-20

പ്രോജക്ട്-അംഗൺവാടി പോഷകാഹാരം ജനറൽ

അടങ്കൽ - ₹ 14,00,000/-

ചെലവ് – ₹ 12,26,645/-

ബിൽ നമ്പർ-11/2019-20-/14.02.20-₹ 499/-

ബിൽ നമ്പർ-04/2019-20-/08.10.19-₹ 41,274/-

ഫണ്ടിനം- പൊതുവിഭാഗം സാധാരണ വിഹിതം

2019-20 സാമ്പത്തീക വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗൺവാടി പോഷകാഹാരം പദ്ധതിയ്ക്കുവേണ്ടി വിവിധ അംഗൺവാടികളിൽ പോഷകാഹാരം വിതരണം ചെയ്ത ഇനത്തിലുള്ള വണ്ടിക്കൂലിയായി ശ്രീ.സുനിൽ എ ഒ എന്നയാൾക്ക് കിലോ ഗ്രാമിന് 1.25/- രൂപാ നിരക്കിൽ 41,773/- രൂപ നൽകി. എന്നാൽ ക്വട്ടേഷൻ വിളിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ക്വട്ടേഷൻ വിവരങ്ങൾ ഹാജരാക്കണമെന്ന് കാണിച്ച നൽകിയ **ഓഡിറ്റ് എൻക്വയറി(നം. 6/19-20തീയതി 15.11.2021)ക്ക് മറുപടി ലഭ്യമാക്കിയില്ല.**അപാകതയ്ക്ക് രേഖകൾ സഹിതം വിശദീകരണം നൽകേണ്ടതാണ്.ക്വട്ടേഷൻ വിളിക്കാതെ വാഹനം വാടകയ്ക്കെടുത്തതിനാൽ വാഹന വാടകയിനത്തിൽ ചെലവഴിച്ച 41,773/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 സമഗ്ര പുരയിട കൃഷി വികസനം -രേഖകൾ ഹാജരാക്കിയിട്ടില്ല-തടസ്സം 700000/- രൂപ

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-137/20 സമഗ്ര പുരയിട കൃഷി വികസനം |

| | |
|---|---|
| അടങ്കൽ | 700000/- രൂപ (വികസന ഫണ്ട് - ജനറൽ)<br>233333/-(ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 700000/- രൂപ |
| ബിൽ നം/തിയ്യതി | 4/19-20/17.05.19 – 700000/- |
| നിർവ്വഹണോദ്യഗസ്ഥൻ | കൃഷി ഓഫീസർ |

മേൽ പദ്ധതിയിൽ ബിൽ ബുക്ക് പ്രകാരം 7,00,000/- രൂപ പിൻവലിച്ചു. എന്നാൽ, പ്രസ്തുത തുകയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 30/19-20/20.11.21) ഓഡിറ്റ് റിക്വിസിഷനും മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ, ചെലവ് തുക 700000/- തടസ്സം ചെയ്യുന്നു. പ്രഥമ മറുപടിയിലും പദ്ധതി രേഖകൾ ലഭ്യമാക്കിയില്ലെങ്കിൽ ചെലവ് തുക നിരാകരിക്കുന്നതാണ്.

## 1-22 പട്ടിക വർഗ്ഗ വനിതകൾക്ക് വാദ്യോപകരണങ്ങൾ നല്കൽ-ലക്ഷ്യം പൂർത്തിയാക്കിയിട്ടില്ല,

ഗ്രാമപഞ്ചായത്തിലെ പട്ടിക വർഗ്ഗ വനിതകളുടെ ഗ്രൂപ്പിന് തൊഴിൽ ഉറപ്പ് വരുത്തുന്നതിന് വേണ്ടി വാദ്യോപകരണങ്ങൾ നല്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-139/20 പട്ടിക വർഗ്ഗ വനിതകൾക്ക് വാദ്യോപകരണങ്ങൾ നല്കൽ |
| അടങ്കൽ | 42600/- രൂപ |
| ഫണ്ട് ഇനം | വികസന ഫണ്ട് - ടി.എസ്.പി |
| ചെലവ് | 27750/- രൂപ |
| ബിൽ നം/തിയ്യതി | 1/19-20/06.05.19 – 3,000/-<br>2/19-20/06.05.19 – 24,750/- |
| ആകെ | 27750/- |
| നിർവ്വഹണോദ്യഗസ്ഥൻ | അസി.സെക്രട്ടറി |

മേൽ പദ്ധതിയിൽ 2018-19 വർഷം 2,13,400/- രൂപ തടസ്സം ചെയ്തിട്ടുണ്ട്. ഈ വർഷം 27750/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. ബിൽ നം. 02/18-19/26.11.18 – പ്രകാരമുള്ള തുക 24750/- രൂപ യൂണിഫോം വിലയായി ചെലവഴിച്ചതാണ്. ബാക്കി തുക പരിശീലന ചെലവുകളാണ്. യൂണിറ്റ് നിലവിൽ പ്രവർത്തനക്ഷമമായിട്ടില്ല. വാങ്ങിയ ഉപകരണങ്ങൾ യൂണിറ്റ് അംഗങ്ങൾക്ക് നല്കിയിട്ടുണ്ടോ എന്നും വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/19-20/20.11.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതുവരെ പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാത്തതിനാൽ ചെലവ് തുക 27750/- തടസ്സം ചെയ്യുന്നു.

## 1-23 പട്ടിക വർഗ്ഗ വയോജനങ്ങൾക്ക് ശയ്യോപകരണങ്ങൾ വാങ്ങൽ-സബ്സിഡി മാർഗ്ഗരേഖ പാലിക്കുന്നില്ല-251940/- രൂപ തടസ്സം ചെയ്യുന്നു.

ഗ്രാമപഞ്ചായത്തിലെ പട്ടിക വർഗ്ഗ വയോജനങ്ങൾക്ക് ഫോം കിടക്ക, തലയിണ, ബെഡ് ഷീറ്റ് എന്നിവ വാങ്ങി വിതരണം നടത്തുകയാണ് പദ്ധതി പ്രകാരം ചെയ്തിരിക്കുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-39/20 പട്ടിക വർഗ്ഗ വയോജനങ്ങൾക്ക് ശയ്യോപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 442760/- രൂപ (വികസന ഫണ്ട് - ടി.എസ്.പി)<br>7240/- തനത് ഫണ്ട് |
| ഫണ്ട് ഇനം | വികസന ഫണ്ട് - ടി.എസ്.പി |
| ചെലവ് | 251940/- രൂപ |
| ബിൽ നം/തിയ്യതി | 7/19-20/20.01.20 – 59280/-<br>8/19-20/25.01.20 – 192660/- |
| നിർവ്വഹണോദ്യഗസ്ഥൻ | അസി.സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം പട്ടിക വർഗ്ഗ വയോജനങ്ങൾക്ക് ശയ്യോപകരണങ്ങൾ നൽകിയതിൻ സൾഫക്സ് മാട്രസ്സിന് താഴെ പറയും പ്രകരാം തുക നൽകിയിട്ടുണ്ട്.

ഇൻവോയിസ് നം. HOU3070/31.12.19 – 163020/-

ഇൻവോയിസ് നം. HOU2961/21.12.19 – 29640/-

ബിൽ നം. 7/19-20/20.01.20 പ്രകാരം പിൻവലിച്ച 59280/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം വയോജനങ്ങൾക്ക് കട്ടിൽ ആണ് നൽകേണ്ടത്. ശയ്യോപകരണങ്ങൾ നൽകാൻ മാർഗ്ഗരേഖയിൽ നിർദ്ദേശമില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/19-20/19.11.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാലും (ബിൽ നം. 7/19-20/20.01.20 തുക 59280/-) സബ്സിഡി മാർഗ്ഗരേഖ പാലിക്കാത്തതിനാലും ചെലവ് തുക 251940/- രൂപ തടസ്സം ചെയ്യുന്നു.

## 1-24 സുരക്ഷിത നിക്ഷേപം ഇനത്തിൽ കരാറുകാരിൽ നിന്നും ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റ്/'ചെക്ക് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 27.08.2010 -ലെ സർക്കുലർ നമ്പർ 80/10 പ്രകാരം നിരതദ്രവ്യം, സുരക്ഷിത നിക്ഷേപം എന്നീ ഇനങ്ങളിൽ ലഭിക്കുന്ന തുക ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വെറ്ററിനറി സർജൻ 2019-20 വർഷത്തിൽ നടപ്പിലാക്കിയ മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്റ്റ് പ്രകാരം (നം. എസ്.0050/20) 06.01.2020- ന് നടത്തിയ ടെണ്ടറിന്റെ ഭാഗമായി കരാറുകരിൽ നിന്നും നിരതദ്രവ്യം ഇനത്തിൽ ലഭിച്ച താഴെ പറയുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ/ചെക്ക് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിക്കാതെ ഫയലിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്.

| ക്രമ നമ്പർ | സ്ഥാപനം | ഡിമാന്റ് ട്രാഫ്റ്റ്/ചെക്ക് നമ്പർ, തീയതി | തുക |
|---|---|---|---|
| 1 | മലബാർ ഡ്രഗ്ഗ് ലൈൻസ് | 433543/04.01.2020 | ₹3000/- |
| 2 | ഡൈനാ വെറ്റ് | 653873/04.01.2020 | ₹3000/- |
| 3 | കെയർ വെൽ ഫാർമ | 206423/04.01.2020 | ₹15,000/-(**) |
| ആകെ തുക | | | ₹21,000/- |

[(**) 09.02.2021 തിരിച്ച് കൊടുത്തു.]

2011 - ലെ പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 20 പ്രകാരവും നിർവ്വഹണ ഉദ്യോഗസ്ഥർ ഗ്രാമപഞ്ചായത്തിനു വേണ്ടി സ്വീകരിക്കുന്ന എതൊരു തുകയും യഥാസമയം ഗ്രാമപഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തിനു വേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥൻ നടപ്പിലാക്കിയ പ്രോജക്ടിന്റെ ഭാഗമായി ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റുകൾ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കാതെ ഫയലിൽ സൂക്ഷിച്ചത് ക്രമവിരുദ്ധമാണ്.

ഓഡിറ്റ് എൻക്വയറി നം. 09 /2019-20/ 15.11.2021 ന് മറുപടിയായി അറിവില്ലായ്മ കൊണ്ട് വന്ന വീഴ്ചയാണെന്നും മേലിൽ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു. ഭാവിയിൽ ഇത്തരത്തിലുള്ള വിഴ്ചകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 എസ്റ്റിമേറ്റ് റിവിഷൻ - മുൻകൂട്ടി സാങ്കേതിക അനുമതി വാങ്ങിയിട്ടില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 14(5) അനുസരിച്ച് ഒരു പൊതുമരാമത്ത് പണി എസ്റ്റിമേറ്റ് അനുസരിച്ച് നടന്നുവരവേ, മുൻകൂട്ടികാണാൻ കഴിയാത്ത കാരണത്താൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാതിരുന്ന പണിയിനമോ, കൂടുതലായി ചെയ്യേണ്ട പണിയോ നടത്തേണ്ടി വരുന്ന സംഗതിയിൽ, അധികമായി ചെയ്യേണ്ടി വരുന്ന പണിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും ആയതിന് ഭരണാനുമതിയും സാങ്കേതിക അനുമതിയും മുൻകൂട്ടി വാങ്ങേണ്ടതുമാണ്. സാങ്കേതിക അനുമതി നൽകുന്നതിന് മുമ്പ് ബന്ധപ്പെട്ട എഞ്ചിനീയർ അധികമായി ചെയ്യേണ്ടിവരുന്ന പണി ഒഴിവാക്കാൻ പറ്റാത്തതാണെന്ന് ബോദ്ധ്യപ്പെടേണ്ടതും അപ്രകാരം സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

അസി. എഞ്ചിനീയർ 2019-20 വർഷത്തിൽ നടപ്പിലാക്കിയ ചില പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയിതിതിട്ടുണ്ട്. അതിൽ പലതിന്റെയും റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ളത് പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷമാണ്. പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1) ആയുർവേദ ആശുപത്രിയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0148/20 |
| അടങ്കൽ | ₹ 3,00,000/- (സംരക്ഷണ ഗ്രാന്റ്- നോൺ റോഡ്) |
| ചെലവ് | ₹ 1,48,004/- (ട്രഷറി ബിൽ നം. 02/2019-20, 08.05.2019) |
| കരാറുടമ്പടി നം. | AE/LSGD/KTRA/66/18-19 തീയതി 16.02.2019 |
| അളവ് പുസ്തകം | 265/18-19 |
| പൂർത്തിയാക്കിയ തീയതി | 27.05.2019 (അളവ് പുസ്തകം പേജ് നമ്പർ 15) |
| റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി | നം. 1/19-20, 30.05.2019 |

2) പട്ടിക വർഗ്ഗ ഊരുകളിൽ സാമൂഹ്യ പഠന കേന്ദ്രം

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0171/19 |
| അടങ്കൽ | 15,00,000/- രൂപ (വികസന ഫണ്ട് ടി.എസ്.പി) |
| ചെലവ് | ₹13,68,424/-[ട്രഷറി ബിൽ നം. 27/2019-20, 06/09/2019] |
| എം. ബുക്ക് നമ്പർ | 257/18-19, 633/17-19 |
| കരാറുകാരൻ | ശ്രീ. ഗഫൂർ എം. |
| കരാറുടമ്പടി നമ്പർ | AE/LSGD/KTRA/60/17-18, 24/03/2018 |
| പൂർത്തികരണ കാലാവധി | 23.12.2018 |
| പൂർത്തിയാക്കിയ തീയതി | 28.02.2019 (എം. ബുക്ക് 633/17-19 പേജ് നം. 73) |
| റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി | നം. 131/18-19, 13.03.2019 |

3) വാണിയാമ്പറ്റ കളരിപ്പോയിൽ റോഡ് മെയിന്റനൻസ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0158/19 |
| അടങ്കൽ | ₹2,70,000/- രൂപ (സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹2,69,786/- [ട്രഷറി ബിൽ നം. 05/2019-20, 08/05/2019] |
| എം. ബുക്ക് നമ്പർ | 273/17-18, |
| കരാറുകാരൻ | ശ്രീ. ഒ.കെ. ഷാജു |
| കരാറുടമ്പടി നമ്പർ | AE/LSGD/KTRA/67/17-18, 28/03/2018 |
| പൂർത്തികരണ കാലാവധി | 27.12.2018 |
| പൂർത്തിയാക്കിയ തീയതി | 08.03.2019 (എം. ബുക്ക് പേജ് നം. 21) |

| | |
|---|---|
| റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി | നം. 115/18-19, 13.03.2019 |

തിരക്കുകാരണം നിശ്ചത സമയത്തിനുള്ളിൽ എസ്റ്റിമേറ്റ് പുതുക്കി സാങ്കേതിക അനുമതി വാങ്ങാൻ സാധിച്ചില്ലയെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ 20.11.2021 -ന് നൽകിയ ഓഡിറ്റ് എൻക്വയറിയിക്ക് (നം. 34/2019-20) മറുപടി നൽകിയിട്ടുള്ളത്. ചട്ടലംഘനം അംഗീകരിക്കാവുന്നതല്ല. തുടർ നടപടികൾക്ക് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-26 അളവ് പുസ്തകത്തിൽ പൂർത്തിയായതായി സാക്ഷ്യപ്പെടുത്തിയ മരാമത്ത് പണിയിൽ വീണ്ടും പ്രവൃത്തികൾ നടത്തി തുക അനുവദിച്ചു.

അസി. എഞ്ചിനീയർ 2019-20 വർഷത്തിൽ നഞ്ചൻ കോളനി നടപ്പാത നിർമ്മാണം എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0187/20 |
| അടങ്കൽ | ₹ 2,80,000/- (വികസന ഫണ്ട് - ടി.എസ്.പി.) |
| ചെലവ് | 1)₹196097/- (വൗച്ചർ നം. 73-3/2019, 29.03.2019)<br>2)₹79685/- (വൗച്ചർ നം. 63-3/2020, 13.03.2020) |
| കരാറുടമ്പടി നം. | AE/LSGD/KTRA/30/18-19 തീയതി 23.10.2018 |
| പൂർത്തികരണ തീയതി | 23.06.2019 |
| പൂർത്തിയാക്കിയ തീയതി | 20.08.2019 (അളവ് പുസ്തകം പേജ് നമ്പർ 24) |
| അളവ് പുസ്തകം | 746/17-18 |

മേൽ പ്രവൃത്തിത്തിക്ക് 29.03.2019 ന് അസി. എഞ്ചിനീയർ ബില്ല് തുകയായി ₹196097/- അനുവദിച്ചു. പ്രസ്തുത ബിൽ തുക അനുവദിച്ചപ്പോൾ പ്രവൃത്തി പൂർത്തിയായി എന്നാണ് അസി. എഞ്ചിനീയർ അളവ് പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തി. എന്നാൽ പ്രസ്തുത പ്രവൃത്തി സ്പിൽ ഓവർ പ്രവൃത്തിയായി 2019-20 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുകയും 07.08.2019, 20.08.2019 എന്നീ തീയതികളിലെ അളവുകൾ പ്രകാരം ₹79685/- അനുവദിക്കുകയും ചെയ്തു. 2018-19 വർഷത്തിൽ ബില്ല് തുക അനുവദിച്ചപ്പോൾ റിറ്റെൻഷൻ തുക പിടിക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകുകയും ചെയ്തു.

മേൽ പറഞ്ഞതിന് പുറമേ, കരാറുടമ്പടി പ്രകാരം 23.06.2019 ന് പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ആദ്യ ബില്ലിന് ശേഷം നടത്തിയ പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ടായിരുന്ന പൂർത്തികരണ സമയത്തിന് ശേഷമാണ് നടത്തിയിട്ടുള്ളത്. പൂർത്തികരണ സമയം ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ അസി. എഞ്ചിനീയർ അനുവദിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ പൂർത്തികരണ സമയത്തിന് ശേഷം നടത്തിയ പ്രവൃത്തികൾ അനധികൃതമാണ്.

പാർട്ട് ബില്ല നൽകിയപ്പോൾ പ്രവൃത്തി പൂർത്തികരിച്ചു എന്നും റിറ്റെൻഷൻ പിടിക്കാത്തതും തിരക്കിനിടയിൽ പെട്ട തെറ്റാണെന്നാണ് ഓഡിറ്റ് എൻക്വയറി നം. 35/2019-20/ 20.11.2021 -ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-27 സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ പദ്ധതി നിർവ്വഹണത്തിനായി ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു.

ജി.ഒ. (പി) നം. 177/2006/ധനം, തീയതി 12.04.20106 പ്രകാരം പുറപ്പെടുവിച്ച ഫണ്ട് വിഭജനവും പിൻവലിക്കലും മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 8.3 അനുസരിച്ച് നോൺബാങ്കിംഗ് ട്രഷറി മുഖേന പണം പിൻവലിക്കൽ നടത്തുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പണവിതരണം നടത്തുക എന്ന ആവശ്യത്തിനുവേണ്ടി മാത്രമായി നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 30 ദിവസത്തിൽ അധികമായ വിതരണം നടത്താത്ത ബാക്കി തുക ഒരോ മാസാവസാനവും ഫണ്ട് പിൻവലിച്ച ഹഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടയ്ക്കണമെന്ന് മേൽപറഞ്ഞ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6 -ൽ നിഷ്കർഷിച്ചു.

ഗ്രാമപഞ്ചായത്തിന്റെ താഴെ പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണത്തിനായി ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചുവരുന്നുണ്ട്.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ട് നമ്പർ | ബാങ്ക് | 31.03.2020 -ലെ നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 10807196137 | എസ്.ബി.ഐ, കമ്പളക്കാട് ശാഖ | ₹1,11,172/- |
| 2 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 10607196035 | എസ്.ബി.ഐ, കമ്പളക്കാട് ശാഖ | ₹4,846/- |
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 32428950438 | എസ്.ബി.ഐ, കമ്പളക്കാട് ശാഖ | ₹19,028/- |
| 4 | അസി. എഞ്ചിനിയർ | 32604725232 | എസ്.ബി.ഐ, കമ്പളക്കാട് ശാഖ | ₹53,942/- |

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ നിർവ്വഹണ ഉദ്യോഗസ്ഥർ കൽപ്പറ്റ ജില്ലാ ട്രഷറി മുഖേനയാണ് പിൻവലിക്കുന്നത്. ഇത് ബാങ്കിംഗ് ട്രഷറിയായതിനാൽ ബാങ്ക് അക്കൗണ്ടിന്റെ ആവശ്യമുള്ളതായി കാണുന്നില്ല.

മേൽപറഞ്ഞ ബാങ്ക് അക്കൗണ്ടുകൾ ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. അതിനാൽ ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല.

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാൻ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/2019-20/ 19.11.2021 - ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-28 പി.എ.സി. -യിൽ പരിമിതപ്പെടുത്താതെ മരാമത്ത് പ്രവൃത്തികൾക്ക് തുക നൽകി.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് കരാറുടമ്പടി വെച്ചതിലും അധിക തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് തുക, ട്രഷറി ബിൽ നം., തീയതി | കരാറുകരൻ അംഗീകരിച്ച തുക (പി.എ.സി.) | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | എസ്.0019/19, വാളൻ മാടക്കുന്ന് ഡ്രൈനേജ് | ₹300000/- (സംരക്ഷണ ഗ്രാന്റ് ) എസ്റ്റിമേറ്റ് തുക: ₹295457/- ലംപ്. സം. }: ₹4543/- | ₹300000/- (₹20/19-20, 06.09.2019 ) | ₹295457/- | ₹4543/- |
| 2 | എസ്.0178/20, കാക്കഞ്ചാൽ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം | ₹320000/- (സംരക്ഷണ ഗ്രാന്റ് ) എസ്റ്റിമേറ്റ് തുക: ₹316593/- ലംപ്. സം. }: ₹3407/- | ₹320000/- (₹22/19-20, 15.07.2019 ) | ₹316593/- | ₹3407/- |
| ആകെ | | | | | ₹7950/- |

പ്രോജക്ടിൽ ലംസം പ്രൊവിഷനായി ഉൾപ്പെടുത്തിയ തുകയിൽ നിന്നുമാണ് അധികമായി നൽകിയ തുക നൽകിയിട്ടുള്ളത്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 1601.1.3 അനുസരിച്ച് എസ്റ്റിമേറ്റിൽ ലംപ് സം ആയി കാണിച്ച തുകയ്ക്ക് വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല. ഭരണാനുമതിയുടെ അനുമതിയും വാങ്ങിയതായും കാണുന്നില്ല.

20.11.2021 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28 /2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുമ്പടി അനുസരിച്ച് കരാറുകാരന് അർഹമായതിലും അധിക തുക നൽകിയതിന് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-29 അംഗീകാരം ലഭിച്ച പ്രോജക്ടിൽ ഉൾപ്പെടാത്ത ചെലവ് ₹65112/- നിരാകരിക്കുന്നു.

പദ്ധതി മാർഗ്ഗരേഖ പ്രകാരം (സ.ഉ. (കൈ)നം. 11/2018/തസ്വഭവ തീയതി 29.01.2018) വിദ്യാർത്ഥികളുടെ സർഗാത്മകശേഷി വികസിപ്പിക്കുന്നതിന് പ്രോജക്ടുകൾ നടപ്പിലാക്കാവുന്നതാണ്. ആയതനുസരിച്ച് വിദ്യാർത്ഥികൾക്ക് കലാപരിശീലനം നൽകുന്നതിനായി രണ്ട് ലക്ഷം രൂപ വികസന ഫണ്ട് വകയിരുത്തി ഹെഡ് മാസ്റ്റർ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട് (പ്രോജക്ട് നം എസ്0092/19). പദ്ധതി പ്രകാരമുള്ള ആകെ ചെലവ് ₹129112/-യാണ്. ട്രഷറി ബിൽ പ്രകാരമുള്ള ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | തുക കൈപ്പറ്റിയ ആളുടെ പേര് | ഐ.എഫ്.എസ് കോഡ്/ അക്കൗണ്ട് നമ്പർ | തുക |
|---|---|---|---|
| 1 | ഉണ്ണികൃഷ്ണൻ എം.കെ. (ഡാൻസ് ടീച്ചർ) | SBIN0003035/32056774290 | 32000 |
| 2 | വിജയകുമാരി കെ.എം. (സംഗീത ടീച്ചർ) | KLGB0040141/40141100107422 | 32000 |
| 3 | സുപ്രൻ പി.എൻ. (നിർവ്വഹണ ഉദ്യോഗസ്ഥൻ) | SBIN0006456/10607196217 | 65112 |
| അകെ തുക | | | ₹129112/- |

ഡാൻസ്, പാട്ട്, വാദ്യോപകരണങ്ങളുടെ പരിശീലനം എന്നിവയാണ് ഡി.പി.സി. യുടെ അംഗീകാരം ലഭിച്ച പ്രോജക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ. എന്നാൽ പരിശീലകർക്കുള്ള വേതനത്തിന് പുറമേ പ്രോജക്ടിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടാത്ത താഴെ പറയുന്ന ചെലവുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ നടത്തിയിട്ടുണ്ട്.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | ടീ & സ്നാക്സ് | 35104 |
| 2 | സ്റ്റേഷനറി | 2405 |
| 3 | യൂണിഫോം തുണി | 16403 |
| 4 | തുന്നൽ കൂലി | 10900 |
| 5 | ഫ്ലക്സ് | 300 |
| ആകെ | | ₹65112/- |

1000/-രൂപയിൽ അധികം വരുന്ന ചെലവ് പണമായി നൽകാൻ പാടില്ല എന്ന സ.ഉ. (പി) നം. 177/2006/ധനം/ 12.04.2006 ഖണ്ഡിക 8 പ്രകാരമുള്ള നിബന്ധനയും പാലിച്ചിട്ടില്ല. മേൽ പറഞ്ഞ ചെലവുകളുടെ ആകെ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുകയും അതിൽ നിന്ന് പിൻവലിച്ച് പേയ്മെന്റ് നടത്തുകയുമാണ് ചെയ്തിട്ടുള്ളത്.

ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 08 /2019-20/ 15.11.2021 ന് മറുപടിയായി കോട്ടത്തറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരമാണ് പ്രോജക്ടിൽ ഉൾപ്പെടാത്ത മേൽപറഞ്ഞ ചെലവുകൾ നടത്തിയിട്ടുള്ളതെന്നാണ് 19.11.2021 -ന് നിർവ്വഹണ ഉദ്യോഗസ്ഥ ലഭയമാക്കിയ മറുപടി പ്രകാരം അറിയിച്ചിട്ടുള്ളത്.

ഡി.പി.സി. അംഗീകരിച്ച പ്രോജക്ടിൽ ഉൾപ്പെടാത്ത പ്രവർത്തനങ്ങളുടെ ചെലവുകൾ ഓഡിറ്റ് അംഗീകരിക്കുന്നില്ല. വിദ്യാർത്ഥികളുടെ സർഗാത്മകശേഷി വികസിപ്പിക്കുന്നതിനുള്ള പ്രോജക്ടിൽ ഉൾപ്പെടുത്തി നടത്തിയ മറ്റു ചെലവുകളുടെ ആകെ തുക ₹65112/- ഓഡിറ്റ് നിരാകരിക്കുന്നു. ആയത് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-30 ഗ്രാമപഞ്ചായത്ത് ലൈബ്രറിക്ക് ഫർണിച്ചർ വാങ്ങൽ - ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ പ്രകാരം (സ.ഉ. (സാധാ)നം. 11/2018/തസ്വഭവ തീയതി 29.01.2018) ഗ്രാമപഞ്ചായത്തിന്റ നിയന്ത്രണത്തിലുള്ള പഞ്ചായത്ത് ലൈബ്രറികളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

പ്രോജക്ട് നമ്പർ എസ്.00250/20 പ്രകാരം ₹46922/- (ട്രഷറി ബിൽ നമ്പർ 12/19-20 തീയതി. 30.02.21, ധനകാര്യ കമ്മീഷൻ ഗ്രാന്റ്) വിലവരുന്ന ഫർണിച്ചർ മെച്ചന ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് യുവജന ഗ്രന്ഥശാലയ്ക്ക് വാങ്ങി നൽകി. 15.11.2021 -ലെ ഓഡിറ്റ് എൻക്വയറി നം. 10 /2019-20 പ്രകാരം പ്രസ്തുത ഗ്രന്ഥശാല ഗ്രാമപഞ്ചായത്തിന്റ നിയന്ത്രണത്തിലുള്ളതാണോ എന്നത് സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന്, 19.11.2021 - ന് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ ഗ്രന്ഥശാല ഗ്രാമപഞ്ചായത്തിന്റ നിയന്ത്രണത്തിലുള്ളതാണെന്ന് അറിയിച്ചു. എന്നാൽ ആയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഫർണിച്ചർ ഗ്രാമപഞ്ചായത്തിന്റ ആസ്ഥി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഫർണിച്ചർ വാങ്ങിയതിന്റെ ചെലവ് തുക ₹46,922/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

**<u>1-31 യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകർക്കെതിരെ നടപടി സ്വീകരികരിച്ചിട്ടില്ല.</u>**

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2112 വകുപ്പ് പ്രകാരം പൂർത്തികരണകാലാവധി ദീർഘീകരണത്തിന് കാലാവധി തീരുന്നതിന് മുമ്പ് കരാറുകാരൻ അസി. എഞ്ചിനീയർ മുഖേനെ അപേക്ഷിക്കേണ്ടതാണ്. ദീർഘിപ്പിക്കുന്ന കാലയളവ് ഒറ്റതവണ, പൂർത്തീകരണത്തിന് അനുവദിച്ച കാലാവധിയുടെ 25% ത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം പൂർത്തികരണത്തിന് അനുവദിച്ച കാലാവധിയുടെ 50% - ത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. 2112.1 വകുപ്പ് അനുസരിച്ച് പൂർത്തികണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടിവരുന്ന ഘട്ടത്തിൽ പിഴ ഈടാക്കേണ്ടതാണ്. കൂടാതെ, ദീർഘീകരണ അനുമതി ലഭിക്കാതെ പൂർത്തികരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതുമല്ല.

പൊതുമരാമത്ത് മാന്വൽ പ്രകാരം പിഴയോടുകൂടിയല്ലാതെ കാലാവധി ദീർഘീകരണം അനുവദിക്കാവുന്നതല്ല. ആദ്യ ദീർഘീകരണം കരാർ തുകയുടെ 1% -വും പിന്നീടുള്ള ദീർഘീകരണം കരാർ തുകയുടെ 2%-വും പിഴയായി ചുമത്തികൊണ്ടാണ് നടത്തേണ്ടത്.

പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1 വകുപ്പനുസരിച്ച് കരാറുടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുക കരാറുടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കി പ്രവൃത്തി മറ്റൊരാളെ എൽപ്പിക്കാവുന്നതുമാണ്.

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പല മരാമത്ത് പ്രവൃത്തികളും യഥാസമയം പൂർത്തിയാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തികളുടെ കരാറുകാർ പൂർത്തികരണത്തിന് അധിക സമയം ആവശ്യപ്പെട്ടു കൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടില്ല. നിയമ പ്രകാരം പൂർത്തികരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ് ആയതിന് തുക അനുവദിക്കാവുന്നതല്ല. എന്നാൽ യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ യാതൊരു നിയമ നടപടികളും കൈകൊണ്ടിട്ടില്ല എന്നു മാത്രമല്ല നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിന് നിയമപ്രകാരം ഈടാക്കേണ്ട പിഴ ഇനത്തിലുള്ള തുക പോലും ഈടാക്കാതെ മുഴുവൻ തുകയും അനുവദിച്ചതായി കാണുന്നു.

കാലാവധിക്കുള്ളിൽ പൂർത്തികരിക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

I) പട്ടിക വർഗ്ഗ ഊരുകളിൽ സാമൂഹ്യ പഠന കേന്ദ്രം

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0171/19 |
| | |

| | |
|---|---|
| അടങ്കൽ | 15,00,000/- രൂപ (വികസന ഫണ്ട് ടി.എസ്.പി) |
| ചെലവ് | ₹13,68,424/-[ട്രഷറി ബിൽ നം. 27/2019-20, 06/09/2019] |
| എം. ബുക്ക് നമ്പർ | 257/18-19, 633/17-19 |
| കരാറുകാരൻ | ശ്രീ. ഗഫൂർ എം. |
| കരാറുടമ്പടി നമ്പർ | AE/LSGD/KTRA/60/17-18, 24/03/2018 |
| പൂർത്തികരണ കാലാവധി | 23.12.2018 |
| പൂർത്തിയാക്കിയ തീയതി | 28.02.2019 (എം. ബുക്ക് 633/17-19 പേജ് നം. 73) |
| കരാർ തുക | ₹14,94,856/- |
| ഈടാക്കേണ്ടിയിരുന്ന പിഴ (1%) | ₹14,949/- |

2) കാക്കഞ്ചാൽ റോഡ് സംരക്ഷണ ഭിത്തി.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.0178/20 |
| അടങ്കൽ | ₹3,20,000/- രൂപ (സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹3,20,000/-[ട്രഷറി ബിൽ നം. 22/2019-20, 15/07/2019] |
| എം. ബുക്ക് നമ്പർ | 261/18-19 |
| കരാറുകാരൻ | ശ്രീ. എസ്. പ്രഭാകരൻ |
| കരാറുടമ്പടി നമ്പർ | AE/LSGD/KTRA/41/18-19, 28/11/2018 |
| പൂർത്തികരണ കാലാവധി | 31.03.2019 |
| പൂർത്തിയാക്കിയ തീയതി | 04.04.2019 (എം. ബുക്ക് പേജ് നം. 11) |
| കരാർ തുക | ₹31,65,93/- |
| ഈടാക്കേണ്ടിയിരുന്ന പിഴ (1%) | ₹3165/- |

3) കല്ലങ്കാരികല്ലുമൊട്ടം കുന്ന് റോഡ് ടാറിംഗ്.

പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതിക അനുമതി പ്രകാരം പൂർത്തികരണ കാലയളവ് 6 മാസങ്ങളാണ്. എന്നാൽ കരാറുഉടമ്പടിയിൽ അസി. എഞ്ചിനീയർ ഒരു വർഷസമയം അനുവദിച്ചിട്ടുണ്ട്. ആയതിന് പുറമേ കാരാറുടമ്പടി പ്രകാരമുള്ള പൂർത്തികരണ സമയം കഴിഞ്ഞതിനു ശേഷമാണ് (അളവ് പുസ്തക പ്രകാരം 20.02.2019 നാണ് )പ്രവൃത്തി ആരംഭിച്ചിട്ടുള്ളത് (അളവ് പുസ്തക പ്രകാരം 20.02.2019 നാണ് ആരംഭിച്ചിട്ടുള്ളത്).

4) പുതുശ്ശേരികുന്ന് കോളനി നടപ്പാത സൈഡ്കെട്ട്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.0164/19 |
| അടങ്കൽ | ₹3,38,000/- രൂപ (സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹254836/- 2019-20 -ലെ ചെലവ്<br>₹63,886/-/-[ട്രഷറി ബിൽ നം. 15/2019-20, 15/07/2019] |
| എം. ബുക്ക് നമ്പർ | 255/18-19, 763/17-18 |
| കരാറുകാരൻ | ശ്രീ. സലിം കാരാടൻ |
| കരാറുടമ്പടി നമ്പർ | AE/LSGD/KTRA/40/17-18, 29/12/2017 |
| പൂർത്തികരണ കാലാവധി | 30.09.2018 |
| പൂർത്തിയാക്കിയ തീയതി | 20.03.2019 (എം. ബുക്ക് പേജ് നം. 22, MB No. 763/17-18) |
| കരാർ തുക | ₹336037/- |
| ഈടാക്കേണ്ടിയിരുന്ന പിഴ (1%) | ₹3360/- |

5) വാണിയാമ്പറ്റ കളരിപ്പോയിൽ റോഡ് മെയിന്റനൻസ്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.0158/19 |
| അടങ്കൽ | ₹2,70,000/- രൂപ (സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹2,69,786/- [ട്രഷറി ബിൽ നം. 05/2019-20, 08/05/2019] |
| | |

| | |
|---|---|
| എം. ബുക്ക് നമ്പർ | 273/17-18, |
| കരാറുകാരൻ | ശ്രീ. ഒ.കെ. ഷാജു |
| കരാറുടമ്പടി നമ്പർ | AE/LSGD/KTRA/67/17-18, 28/03/2018 |
| പൂർത്തികരണ കാലാവധി | 27.12.2018 |
| പൂർത്തിയാക്കിയ തീയതി | 08.03.2019 (എം. ബുക്ക് പേജ് നം. 21) |
| കരാർ തുക | ₹245980/- |
| ഈടാക്കേണ്ടിയിരുന്ന പിഴ (1%) | ₹2460/- |

2018 – ലെ പ്രളയം കാരണം 2019 മാർച്ച് മാസത്തിൽ പൂർത്തിയാക്കേണ്ട പല പ്രവൃത്തികളും യഥാസമയം പൂർത്തിയാക്കാൻ സാധിക്കാത്തതെന്നും കരറുകാരുടെ ഉദാസീനത കൊണ്ടു മാത്രമല്ല എന്നതുകൊണ്ടാണ് കാരാറുകാരിൽ നിന്നും പിഴ ഈടാക്കാതിരുന്നതെന്നമാണ് 20.11.2021 -ലെ ഓഡിറ്റ് എൻക്വയറി നം. 34/2019-20 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. എന്നാൽ കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2112 പ്രകാരം പൂർത്തികരണ സമയം ദീർഘിപ്പിക്കുന്നതിന് കരാറുകാർ അപേക്ഷ സമർപ്പിച്ചിട്ടില്ല. കരാറുകാരുമായി സപ്ലിമെന്ററി കരാറും ചമച്ചിട്ടില്ല. സമയം ദീർഘിപ്പിച്ച കൊണ്ട് ഭരണ സമിതി തീരുമാനവും ഹാജരാക്കിയിട്ടില്ല. ആയതിനാൽ പൂർത്തികരണത്തിന് അധിക സമയം അനുവദിച്ചത് ക്രമ പ്രകാരമല്ല. ആയതിനാൽ പ്രസ്തുത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു

## 1-32 ലൈഫ് പദ്ധതി ഫേസ് 2- 3വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

താഴെ പറയുന്ന ലൈഫ് Phase2 ഗുണഭോക്താക്കൾ നിലവിലും വീട് പണി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവ്, വാർഡ് നം | ലൈഫിൽ ഇതു വരെ നൽകിയ തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ലളിത , 3 | 300000 | ലിന്റൽ പൂർത്തീകരിച്ചു |
| 2 | രാജു കെ കെ, 8 | 40000 | മുൻകൂർ തുക കൈപ്പറ്റി, പ്രവൃത്തി തുടങ്ങിയില്ല |
| 3 | ഷീബ, 4 | 9000 | മുൻകൂർ തുക കൈപ്പറ്റി, പ്രവൃത്തി തുടങ്ങിയില്ല |

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം 34/2018, ത.സ്വ.ഭ.വ , തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയാക്കണമെന്നും, ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. ഇക്കാര്യം മാതൃകാ കരാറിലെ 4, 5 വ്യവസ്ഥകളായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കരാർ വ്യവസ്ഥ 7 പ്രകാരം വീട് പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും 12% പലിശ സഹിതം ധനസഹായ തുക തിരികെ ഈടാക്കേണ്ടതാണ്. വീട് പണി പൂർത്തിയാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-33 പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം ഇല്ലാതെ പർച്ചേസ് നടത്തി

നിർവ്വഹണം . വി ഇ ഒ

പ്രോജക്ട് 219/20 സ്കൂളുകളിൽ സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ മെഷീൻ

ചെലവ് -40,000( കേന്ദ്രാവിഷ്കൃത ഫണ്ട്)

പ്രോജക്ട് 226/20 സ്കൂളുകളിൽ സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ മെഷീൻ

ചെലവ് -40,000( കേന്ദ്രാവിഷ്കൃത ഫണ്ട്)

കേന്ദ്രാവിഷ്കൃത ഫണ്ട് ഉപയോഗിച്ച് സ്കൂളുകളിലേക്ക് രണ്ട് സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ മെഷീൻ

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസിൽ നിന്നും വാങ്ങി. മേൽ പർച്ചേസ് പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരിച്ചതായി കാണുന്നില്ല. പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ

മാത്രമേ ഭരണസമിതിക്ക് പർച്ചേസിന് അംഗീകാരം നൽകാൻ അനുവാദം ഉള്ളു. അപാകതകൾ ഭാവിയിൽ പരിഹരിക്കേണ്ടതാണ്

## 1-34 പഞ്ചായത്ത് ഓഫീസിലേക്ക് ഫോട്ടോകോപ്പിയർ,കമ്പ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾവാങ്ങൽ(പ്രേ.നം238/19-20)-സ്പെസിഫിക്കേഷൻ നിശ്ചയിക്കാത്തത്

സെക്രട്ടറി നിർവ്വഹണം നടത്തി മേൽ പ്രോജക്റ്റുമായി ബന്ധപ്പെട്ട് ₹211410അടങ്കൽ(പ്ലാൻ ഫണ്ട് ₹200000/+തനതു ഫണ്ട്₹11410) നിശ്ചയിച്ച് ₹209667 ചെലവഴിച്ച് (പ്ലാൻ ഫണ്ട് ₹200000/+തനതു ഫണ്ട്₹9667) ഫോട്ടോ കോപ്പിയർ, കമ്പ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്. ഇവ വാങ്ങുന്നതിനു മുമ്പായി ഇവയുടെ സ്പെസിഫിക്കേഷൻ നിശ്ചയിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിരുന്നില്ല.ഇതു

സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വോഷണത്തിന് ( നം.14/19-20 തീ.17-11-2021 )മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-35 കമ്പ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾക്ക് എ.എം.സി കാലയളവ്(പ്രോ.നം.എസ്.ഒ 210/19-20) നിശ്ചയിച്ചിട്ടില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ പഞ്ചായത്തിലെ കമ്പ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക്എ.എം.സിഎന്ന മേൽപ്രോജക്റ്റിന്റെ ഫയൽ പരിശോധിച്ചു.[അടങ്കൽ₹70,000/(തനതു ഫണ്ട് )ചെലവ്₹62500/വൗ.നം.21900959/15-2-2020]. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ

മേൽ പ്രോജക്റ്റ് പ്രകാരമുള്ള എ.എം.സി കാലയളവ് എത്രയെന്നോ

വാറന്റികാലയളവ് കഴിഞ്ഞ ഉപകരണങ്ങൾക്കാണോ എ.എം.സി നല്കിയിരിക്കുന്നത് എന്നോ വ്യക്തമല്ല.കൂടാതെമുൻ എ.എം.സി കാലയളവ് എന്ന് അവസാനിച്ചു എന്നോ വ്യക്തമല്ല.ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വോഷണത്തിന്(നം.17/2019-20തീ.18-11-21) മറുപടി ലഭ്യമാക്കിയിട്ടില്ല.പദ്ധതി നിർവഹണത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ കൂടുതൽ കാര്യക്ഷമത പാലിക്കേണ്ടതാണ്.

ഇക്കാര്യങ്ങൾ ഭരണ സമിതിയുടെ ശ്രദ്ധയിലും പെടുത്തുന്നു.

## 1-36 വക്കീൽ ഫീസ് -സർക്കാർ ഉത്തരവിൽ പറഞ്ഞതിൽഅധികം തുക നല്കി

ഒ.എസ് നം.81/2019 നമ്പർ കേസുമായി ബന്ധപ്പെട്ട് വക്കീൽ ഫീസ് ഇനത്തിൽ ₹ 20,000/ (വൗ.നം.21900141/04-06-2019,ചെക്ക് നം.7605/04-06-2019)അഡ്വ.ചാത്തുക്കുട്ടി എന്നവർക്ക് നല്കിയിട്ടുണ്ട്.എന്നാൽജി.ഒ(എം.എസ്) 36/16/എൽ.എസ്.ജി.ഡി തീ.18-02-2016 യിൽ ഒരു കേസുമായി ബന്ധപ്പെട്ട് വക്കീൽ ഫീസ് ഇനത്തിൽ ₹ 15000/മാത്രമേ അനുവദിക്കാൻ പാടുള്ളൂവെന്നും അതിൽകൂടുതൽ (₹50,000/വരെ)അനുവദിക്കണമെങ്കിൽ വകുപ്പദ്ധ്യക്ഷന്റെ അനുമതി വേണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ₹20,000/അനുവദിച്ചതിന് വകുപ്പദ്ധ്യക്ഷന്റെ അനുമതി ലഭിച്ചിരുന്നുവോ എന്ന് ആരാഞ്ഞുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.12/2019-20 തീ. 17-11-2021.)മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ സർക്കാർ ഉത്തരവിൽ പറഞ്ഞതിൽഅധികം നല്കിയ ₹5000/(20000-15000)ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 അംഗീകാരം ലഭിച്ച പ്രോജക്ടിൽ ഉൾപ്പെടാത്ത ചെലവ് ₹65112/- നിരാകരിക്കുന്നു.

പദ്ധതി മാർഗ്ഗരേഖ പ്രകാരം (സ.ഉ. (കൈ)നം. 11/2018/തസ്വഭവ തീയതി 29.01.2018) വിദ്യാർത്ഥികളുടെ സർഗാത്മകശേഷി വികസിപ്പിക്കുന്നതിന് പ്രോജക്ടുകൾ നടപ്പിലാക്കാവുന്നതാണ്. ആയതനുസരിച്ച് വിദ്യാർത്ഥികൾക്ക് കലാപരിശീലനം നൽകുന്നതിനായി രണ്ട് ലക്ഷം രൂപ വികസന ഫണ്ട് വകയിരുത്തി ഹെഡ്മാസ്റ്റർ പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട് (പ്രോജക്റ്റ് നം എസ്0092/19). പദ്ധതി പ്രകാരമുള്ള ആകെ ചെലവ് ₹129112/- യാണ്. ട്രഷറി ബിൽ പ്രകാരമുള്ള ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | തുക കൈപ്പറ്റിയ ആളുടെ പേര് | ഐ.എഫ്.എസ് കോഡ്/ അക്കൗണ്ട് നമ്പർ | തുക |
|---|---|---|---|
| 1 | ഉണ്ണികൃഷ്ണൻ എം.കെ. (ഡാൻസ് ടീച്ചർ) | SBIN0003035/32056774290 | 32000 |
| 2 | വിജയകുമാരി കെ.എം. (സംഗീത ടീച്ചർ) | KLGB0040141/40141100107422 | 32000 |
| 3 | സുപ്രൻ പി.എൻ. (നിർവ്വഹണ ഉദ്യോഗസ്ഥൻ) | SBIN0006456/10607196217 | 65112 |
| അകെ തുക | | | ₹129112/- |

ഡാൻസ്, പാട്ട്, വാദ്യോപകരണങ്ങളുടെ പരിശീലനം എന്നിവയാണ് ഡി.പി.സി. യുടെ അംഗീകാരം ലഭിച്ച പ്രോജക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ. എന്നാൽ പരിശീലകർക്കുള്ള വേതനത്തിന് പുറമേ പ്രോജക്ടിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടാത്ത താഴെ പറയുന്ന ചെലവുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ നടത്തിയിട്ടുണ്ട്.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | ടീ & സ്നാക്സ് | 35104 |
| 2 | സ്റ്റേഷനറി | 2405 |
| 3 | യൂണിഫോം തുണി | 16403 |
| 4 | തുന്നൽ കൂലി | 10900 |
| 5 | ഫ്ലക്സ് | 300 |
| ആകെ | | ₹65112/- |

1000/-രൂപയിൽ അധികം വരുന്ന ചെലവ് പണമായി നൽകാൻ പാടില്ല എന്ന സ.ഉ. (പി) നം. 177/2006/ധനം/ 12.04.2006 ഖണ്ഡിക 8 പ്രകാരമുള്ള നിബന്ധനയും പാലിച്ചിട്ടില്ല. മേൽ പറഞ്ഞ ചെലവുകളുടെ ആകെ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുകയും അതിൽ നിന്ന് പിൻവലിച്ച് പേയ്മെന്റ് നടത്തുകയുമാണ് ചെയ്തിട്ടുള്ളത്.

ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 08 /2019-20/ 15.11.2021 ന് മറുപടിയായി കോട്ടത്തറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരമാണ് പ്രോജക്ടിൽ ഉൾപ്പെടാത്ത മേൽപറഞ്ഞ ചെലവുകൾ നടത്തിയിട്ടുള്ളതെന്നാണ് 19.11.2021 -ന് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി പ്രകാരം അറിയിച്ചിട്ടുള്ളത്.

ഡി.പി.സി. അംഗീകരിച്ച പ്രോജക്ടിൽ ഉൾപ്പെടാത്ത പ്രവർത്തനങ്ങളുടെ ചെലവുകൾ ഓഡിറ്റ് അംഗീകരിക്കുന്നില്ല. വിദ്യാർത്ഥികളുടെ സർഗാത്മകശേഷി വികസിപ്പിക്കുന്നതിനുള്ള പ്രോജക്ടിൽ ഉൾപ്പെടുത്തി നടത്തിയ മറ്റു ചെലവുകളുടെ ആകെ തുക ₹65112/- ഓഡിറ്റ് നിരാകരിക്കുന്നു. ആയത് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

### 3-2 സ്വയം തൊഴിൽ സംരംഭ ധനസഹായ പദ്ധതിയിലൂടെ ധനസഹായം കൈപ്പറ്റിയ വനിതാ ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നില്ല.

**കോട്ടത്തറ ഗ്രാമ പഞ്ചായത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വനിതാ തൊഴിൽ സംരംഭ ധനസഹായ പദ്ധതിയിലൂടെ ധനസഹായം കൈപ്പറ്റിയ സംരംഭങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ല. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.**

പ്രോജക്റ്റ് നമ്പർ- 65/19-20

പ്രോജക്റ്റ്-വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം.

അടങ്കൽ - ₹ 4,70,588/-

ചെലവ് – ₹ 60,000/-

ബിൽ നമ്പർ-08/2019-20-/26.02.20-₹ 60,000/-

ഫണ്ടിനം- പൊതുവിഭാഗം സാധാരണ വിഹിതം(4,00,000/-) മറ്റുള്ളവ-70,588/-

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വനിതാ ഗ്രൂപ്പുകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം എന്ന നിലയിലാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതി പ്രകാരം ചലനം സോപ്പ് നിർമ്മാണ യൂണിറ്റിനും (8-ാം വാർഡ്) ജൈവീക വൈ എം ആർ എസ് നഴ്സറി കാക്കൻചാലിനും(7-ാം വാർഡ്) ധനസഹായം അനുവദിച്ചിട്ടുണ്ട്. പദ്ധതി ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1.പഞ്ചായത്തിൽ നിന്നും ലൈസൻസെടുക്കാത്ത അനധികൃത സംരംഭങ്ങൾക്കാണ് ധനസഹായം അനുവദിച്ച ത്.

2.ഗ്രൂപ്പ് ആരംഭിച്ച് ആറു മാസം കഴിഞ്ഞ ശേഷമുള്ള ഗ്രേഡിംഗ് ഹാജരാക്കിയിട്ടില്ല.

3.സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസിയിൽ നിന്നോ കഴിഞ്ഞ 5 വർഷത്തിനിടയിൽ ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

4.ഗ്രൂപ്പുകളുടെ ബാങ്ക് പാസ്ബുക്ക് ഹാജരാക്കിയിട്ടില്ല.

5.ഗ്രൂപ്പുകളുടെ മിനിറ്റ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല.

6.സംരംഭത്തിന്റെ രജിസ്ട്രേഷൻ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ 6.4 അനുസരിച്ച് ധനസഹായം നൽകുന്ന സംരംഭങ്ങൾ വായ്പ്പാ ബന്ധിത പ്രൊജക്ട് ആയിരിക്കേണ്ടതും സബ്സിഡി തുക ബാങ്കിലേക്ക് ബാക്ക് എൻഡ് സബ്സിഡിയായി നൽകുകയും ചെയ്യേണ്ടതാണ്. എന്നാൽ സബ്സിഡി തുക രണ്ട് സംരംഭങ്ങളിലും സെക്രട്ടറിയുടെ ബാങ്ക് അകൗണ്ടിലേക്കാണ് വരവ് വന്നിട്ടുള്ളത്. നാഷണലൈസ്ഡ് ബാങ്കിൽ സംരംഭത്തിന് അകൗണ്ട് ഇല്ലാത്തതിനാൽ സെക്രട്ടറിയുടെ അകൗണ്ടിലേക്ക് സബ്സിഡി തുക കൈമാറുന്നതിന് സംരംഭത്തിലെ മറ്റ് അംഗങ്ങൾ രേഖാമൂലം സമ്മതിച്ചിട്ടുണ്ടെങ്കിലും സെക്രട്ടറിയുടെ അകൗണ്ടിലേക്ക് വരവ് വന്ന സബ്സിഡി തുക സംരംഭത്തിന്റെ അകൗണ്ടിൽ വരവ് വെച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

12/11/21 ന് രാവിലെ 11.30 മണിക്ക് നിർവ്വഹണ ഉദ്യോഗസ്ഥയോടൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ ഒരു വാസ ഗൃഹത്തോട് ചേർന്ന ജീർണ്ണാവസ്ഥയിലുള്ള ഒരു ഷെഡ് ആണ് സോപ്പ് നിർമ്മാണ യൂണിറ്റായി നിർവ്വഹണ ഉദ്യോഗസ്ഥ കാണിച്ചു തന്നത്. ഈ ഷെഡ്ഡിന്ന് നെയിം ബോർഡ് സ്ഥാപിച്ചിട്ടില്ല. ഈ യൂണിറ്റ് നിലവിൽ പ്രവർത്തിക്കുന്നില്ല. ഉരുമ്പെടുത്ത നിലയിലുള്ള കുറച്ച് ബക്കറ്റുകളും ജാറുകളും പാഴ്വസ്തുക്കളുമാണ് ഈ ഷെഡ്ഡിൽ സൂക്ഷിച്ചിരുന്നത്.ജൈവീക വൈ എം ആർ എസ് നഴ്സറിയിൽ വിൽപ്പനയ്ക്ക് യോഗ്യമല്ലാത്ത ഒരാൾ പൊക്കത്തിലുള്ള കവുങ്ങിൻ തൈകളും മുരടിച്ച നിലയിലുള്ള കുറേ കാപ്പി തൈകളും സൂക്ഷിച്ചിട്ടുണ്ട്. നഴ്സറി കാട്ടുമൂടിയ നിലയിലാണ് കണ്ടത്. നിലവിൽ പ്രവർത്തിക്കുന്നില്ല.

രേഖകൾ ഹാജരാക്കേണ്ടതാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻക്യയറിയ്ക്ക്(ഓഡിറ്റ് എൻക്വയറി.നം. 7/19-20തീയതി 15.11.2021 )മറുപടി ലഭ്യമാക്കിയില്ല.പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ 6.4 പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെ ധനസഹായം നൽകിയതിനാലും രേഖകൾ ഹാജരാക്കാത്തതിനാലും സംരംഭങ്ങൾ നിലവിൽ പ്രവർത്തിക്കാത്തതിനാലും ചെലവ് തുക 60,000/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-3 വക്കീൽ ഫീസ് -സർക്കാർ ഉത്തരവിൽ പറഞ്ഞതിൽഅധികം തുക നല്കി

ഒ.എസ് നം.81/2019 നമ്പർ കേസുമായി ബന്ധപ്പെട്ട് വക്കീൽ ഫീസ് ഇനത്തിൽ ₹ 20,000/ (വൗ.നം.21900141/04-06-2019,ചെക്ക് നം.7605/04-06-2019)അഡ്വ.ചാത്തുക്കുട്ടി എന്നവർക്ക് നല്കിയിട്ടുണ്ട്.എന്നാൽജി.ഒ(എം.എസ്) 36/16/ എൽ.എസ്.ജി.ഡി തീ.18-02-2016 യിൽ ഒരു കേസുമായി ബന്ധപ്പെട്ട് വക്കീൽ ഫീസ് ഇനത്തിൽ ₹ 15000/മാത്രമേ അനുവദിക്കാൻ പാടുള്ളൂവെന്നും അതിൽക്കൂടുതൽ (₹50,000/വരെ)അനുവദിക്കണമെങ്കിൽ വകുപ്പദ്ധ്യക്ഷന്റെ അനുമതി വേണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ₹20,000/അനുവദിച്ചതിന് വകുപ്പദ്ധ്യക്ഷന്റെ അനുമതി ലഭിച്ചിരുന്നുവോ എന്ന് ആരാഞ്ഞുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.12/2019-20 തീ. 17-11-2021.)മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ സർക്കാർ ഉത്തരവിൽ പറഞ്ഞതിൽഅധികം നല്കിയ ₹5000/(20000-15000)ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## ഭാഗം -4

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം | തുക | ലഭിച്ച | പ്രൊജക്ടിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| | | | | | | |

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | പേര് | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 134689 | നെൽകൃഷി വികസനം - കൂലി ചെലവ് സബ്സിഡി, പ്രോ.നം. 14/20 | 134689 | 0 |
| ജില്ല പഞ്ചായത്ത് | 2019-20 | 2300000 | നെൽകൃഷി വികസനം - കൂലി ചെലവ് സബ്സിഡി, പ്രോ.നം. 14/20 | 2300000 | 0 |
| ജില്ല പഞ്ചായത്ത് | 2019-20 | 69000 | ലൈഫ് മിഷൻ എസ്.സി പ്രോ.നം. 141/20 | 69000 | 0 |
| ജില്ല പഞ്ചായത്ത് | 2019-20 | 380000 | ലൈഫ് മിഷൻ ജനറൽ പ്രോ.നം. 206/20 | 380000 | 0 |
| ജില്ല പഞ്ചായത്ത് | 2019-20 | 165750 | ഭിന്ന ശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം പ്രോ.നം. 48/20 | 165750 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | GO(RT) NO.428/2018/ LSGD DTD 06/12/2010 | 70,00,000 | 0 | 0 | 694819/- (പലിശ) |

വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക = 0 ആണ്. എന്നാൽ, ഓഡിറ്റ് എൻക്വയറി 1/8.11.21 പ്രകാരം വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക പലിശ ഇനത്തിൽ ₹ 6,94,819.00 ആണ്. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് വിശദീകരിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1985-86 | 10(എ) | 78 | ടി.ഗോപാലൻ | 119050100102/08.05.19 |
| 1986-87 | 8 | 50 | കരുണാകരൻ പിള്ള | 119050100106/08.05.19 |
| 1986-87 | 10 | 11 | കരുണാകരൻ പിള്ള | 119050100107/08.05.19 |
| 1986-87 | 11 | 27 | കരുണാകരൻ പിള്ള | 119050100108/08.05.19 |
| 1986-87 | 12 | 24 | കരുണാകരൻ പിള്ള | 119050100109/08.05.19 |
| 1986-87 | 19 | 8 | കരുണാകരൻ പിള്ള | 119050100110/08.05.19 |
| 1986-87 | 30 | 21 | കരുണാകരൻ പിള്ള | 119050100111/08.05.19 |
| 1990-91 1991-92 | 7(2) | 90 | കെ.ശ്രീനിവാസൻ, എക്സിക്യൂട്ടീവ് ഓഫീസർ | 119050100113/08.05.19 |
| 1990-91 1991-92 | 8 | 51 | കെ.ശ്രീനിവാസൻ, എക്സിക്യൂട്ടീവ് ഓഫീസർ | 119050100114/08.05.19 |
| 1990-91 1991-92 | 32 | 232 | സി.ടി.രഘുനാഥൻ | 119050100116/09.05.19 |
| 1985-86 | 27 | 336 | ടി.ഗോപാലൻ | 119050100179/25.05.19 |
| 1985-86 | 14(എ) | 83 | ടി.ഗോപാലൻ | 119050100299/19.06.19 |
| 2001-02 | 2-1 | 87 | ഷംസുദ്ദീൻ.പി | 119050102936/10.03.20 |
| 2001-02 | 3-1 | 500 | സി.ടി.രഘുനാഥൻ | 119050102937/10.03.20 |
| 2001-02 | 3-2 | 720 | സി.ടി.രഘുനാഥൻ | 119050102938/10.03.20 |
| 2001-02 | 3-8 | 198 | സി.ടി.രഘുനാഥൻ | 119050102939/10.03.20 |
| 2001-02 | 3-9 | 500 | സി.ടി.രഘുനാഥൻ | 119050102940/10.03.20 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3-7 | 2005-06 | 80 | റോഡ് ടാറിംഗ് പൂർത്തീകരിച്ചില്ല. കൺവീനർക്ക് അധിക തുക നൽകി | നിലനിൽക്കുന്നു. |
| 2000-01 | 3-8 | 2005-06 | 80(2) | പുഴകളിൽ വീണ മരങ്ങൾ അട്ടിവെക്കുന്നതിന് അധിക തുക നൽകി. | നിലനിൽക്കുന്നു. |
| 2005-06 | 3-3 | 2008-09 | 3.9.6 | ജോലിക്ക് കൂലി ഭക്ഷണം പരിപാടി - മുൻകൂർ നൽകി-പ്രവൃത്തി പൂർത്തീകരിച്ചില്ല. | നിലനിൽക്കുന്നു. |
| 2006-07 | 3-19 | 2009-10 | 3.7.6 | കുടുംബശ്രീ നടപ്പിലാക്കിയ ആശ്രയ പദ്ധതി കമ്പ്യൂട്ടർ സ്ഥാപിക്കൽ പ്രയോജനം ചെയ്തില്ല. | നിലനിൽക്കുന്നു. |
| 2015-16 | 2-3 | 2016-17 | 2.2 | തൊഴിൽ നികുതി അപാകതകൾ | നിലനിൽക്കുന്നു. |
| 2017-18 | 3-1 | 2018-19 | 1.1.4(B) | ലൈഫ് ഭവന പദ്ധതിയിൽ വീണ്ടും തുക നൽകി | നിലനിൽക്കുന്നു. |
| 2017-18 | 3-5 | 2018-19 | 1.1.6(B) | ലൈഫ്-അർഹതയില്ലാത്ത ഗുണഭോക്താവിന് തുക നൽകി | നിലനിൽക്കുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,44,03,631.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,43,57,466.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,30,112.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 10,68,385.00 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | . | 65,112/- | ശ്രീ. സുപ്രൻ, ഹെഡ്മാസ്റ്റർ |
| 3-2 | . | 60,000/- | ശ്രീമതി. ശാന്തമ്മ.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-3 | . | 5,000/- | ശ്രീ. ശ്രീജിത്ത് കരിങ്ങാളി, സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 41,773/- | ശ്രീമതി. ശാന്തമ്മ.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-21 | 7,00,000/- | ശ്രീമതി.ലക്ഷ്മി.വി, കൃഷി ഓഫീസർ |
| 1-22 | 27,750/- | ശ്രീമതി. മിനി.കെ.എ, അസി. സെക്രട്ടറി |
| 1-23 | 2,51,940/- | ശ്രീ.മനോജ്.വി.എ, |

| | | |
|---|---|---|
| | | അസി. സെക്രട്ടറി |
| 1-30 | 46,922/- | ശ്രീ. സുപ്രൻ,<br>ഹെഡ്മാസ്റ്റർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| **പേരും ഉദ്യോഗപ്പേരും** | **ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം** | **സ്ഥിരം മേൽവിലാസം** |
|---|---|---|
| ശ്രീ. ശ്രീജിത്ത് കരിങ്ങാളി,<br>സെക്രട്ടറി | സെക്രട്ടറി,<br>അമ്പലവയൽ ഗ്രാമപഞ്ചായത്ത് | സദ്ഗമയ,<br>മൊടക്കല്ലൂർ.പി.ഒ,<br>അത്തോളി,<br>കോഴിക്കോട്. |
| ശ്രീമതി. ശാന്തമ്മ.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ലഭ്യമാക്കിയിട്ടില്ല. | ദേവപ്രഭ,<br>മടക്കിമല.പി.ഒ,<br>പൂന്നാരിക്കുന്ന്,<br>വയനാട്. |
| ശ്രീമതി.ലക്ഷ്മി.വി,<br>കൃഷി ഓഫീസർ | ലഭ്യമാക്കിയിട്ടില്ല. | ശ്രീകാര്യം,<br>ചെല്ലമംഗലം,<br>ചെമ്പഴന്തി,<br>തിരുവനന്തപുരം. |
| ശ്രീമതി. മിനി.കെ.എ,<br>അസി. സെക്രട്ടറി | സെക്രട്ടറി,<br>പൂതാടി ഗ്രാമപഞ്ചായത്ത് | നാപ്പള്ളി വീട്,<br>കണിയാമ്പറ്റ.പി.ഒ,<br>വയനാട് |
| ശ്രീ.മനോജ്.വി.എ,<br>അസി. സെക്രട്ടറി | അസി. സെക്രട്ടറി,<br>കീരംപാറ ഗ്രാമപഞ്ചായത്ത് | ലഭ്യമാക്കിയിട്ടില്ല. |
| ശ്രീ. സുപ്രൻ,<br>ഹെഡ്മാസ്റ്റർ | ലഭ്യമാക്കിയിട്ടില്ല. | പൊക്കാട്ട് വീട്,<br>മടക്കിമലപി.ഒ,<br>കൽപ്പറ്റ-673122,<br>വയനാട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| **ഓഡിറ്റ് വർഷം** | **ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം** | **റിമാർക്സ്** |
|---|---|---|
| 1985-86 | നം.എൽ.എഫ്.(ഡബ്ള്യ)പി1-721/08തീയ്യതി-28.07.08 | - |
| 1986-87 | നം.എൽ.എഫ്.(ഡബ്ള്യ)പി1-721/08(5)<br>തീയ്യതി-28.07.08 | - |
| 1990-91,<br>91-92 | നം.എൽ.എഫ്.(ഡബ്ള്യ)പി2-101/95<br>തീയ്യതി-22.10.97 | - |
| 1996-97 | നം.എൽ.എഫ്.(ഡബ്ള്യ)പി1-37/07 | - |

| | | |
|---|---|---|
| | തീയ്യതി-08.03.07 | |
| 1997-98 | നം.എൽ.എഫ്.(ഡബ്ള്യൂ)പി3-44/07,<br>തീയ്യതി-07.05.05 | - |
| 1998-99 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-35/07,<br>തീയ്യതി-28.02.2006 | - |
| 1999-00 | നം.എൽ.എഫ്.(ഡബ്ള്യൂ)പി3-246/01,<br>തീയ്യതി-18.03.01 | - |
| 2000-01 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-528/04<br>തീയ്യതി-04.05.05 | - |
| 2001-02 | നം.എൽ.എഫ്.(ഡബ്ള്യൂ)പി3-101/04,<br>തീയ്യതി-02.09.04 | - |
| 2001-02 | നം.എൽ.എഫ്.(ഡബ്ള്യൂ)പി3-525/06,<br>തീയ്യതി 12.03.08 | - |
| 2002-03 | നം.എൽ.എഫ്.(ഡബ്ള്യൂ)പി3-524/06<br>തീയ്യതി-13.02.08 | - |
| 2003-04 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-308/07,<br>തീയ്യതി-13.02.08 | - |
| 2004-05 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-222/07<br>തീയ്യതി-02.04.09 | - |
| 2005-06 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-740/07<br>തീയ്യതി-11.06.08 | - |
| 2006-07 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-564/09<br>തീയ്യതി-05.12.09 | - |
| 2007-08 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-669/09<br>തീയ്യതി-11.01.10 | - |
| 2008-09 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-570/12<br>തീയ്യതി-19.09.12 | - |
| 2009-10,10-11 | നം.എൽ.എഫ്.(ഡബ്ള്യൂ)പി1-570/12<br>തീയ്യതി-19.09.12 | - |
| 2012-13 | നം.എൽ.എഫ്.(ഡബ്ള്യൂ)പി.4-100/2015,<br>തീയ്യതി-21.03.15 | - |
| 2013-14 | നം.കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി)പി4-145/2015 തീയ്യതി. 21.03.15 | - |
| 2015-16 | നം.കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി)പി4-673/16 തീയ്യതി 07.10.16 | - |
| 2016-17 | കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി)പി4 പി4/423 /2017- തീയ്യതി<br>02/08/2017 | |
| 2017-18 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി).പി1/ 982/2018,<br>തീയ്യതി 14/02/2019 | |
| 2018-19 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി).പി4/181/2020,<br>തീയ്യതി 17/12/2021 | |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്